# പ്രതീക്ഷ

നിറവിന്റെ വറ്റാത്ത ഉറവ

SCHOOL DIGITAL MAGAZINE 2024



## H I H S S EDAVANAKAD

# പ്രതീക്ഷ....നിറവിന്റെ വറ്റാത്ത ഉറവ..

**ഇത് സന്തോഷത്തിന്റെ വേള.... അഭിമാനത്തിന്റെ മുഹൂർത്തം... ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങിന്റെ ആധുനിക രീതികൾ സ്വായത്തമാക്കി പൂർണ്ണമായും സ്ക്രൈബസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ സ്കൂൾ ഡിജിറ്റൽ മാഗസിൻ.. ഞങ്ങളെ സംബന്ധിച്ചിടത്തോളം പുതിയൊരു സോഫ്റ്റ്‌വെയർ എന്നതിനാലും പരിശീലനത്തിന് വേണ്ടത്ര സമയം ഇല്ലാതെ പോയതിനാലും പരിമിതികൾ ഏറെ ഉണ്ടാകാം...ക്ഷമിക്കുമല്ലോ... വിദ്യാരംഭം മുതൽ സ്നേഹമാകുന്ന വെള്ളവും അറിവാകുന്ന വെളിച്ചവുമേകി ഞങ്ങൾക്ക് വഴികാട്ടികളായ പ്രിയപ്പെട്ട അധ്യാപകർക്ക് നിറഞ്ഞ നന്ദി.....**

**ഈ വർഷം സ്കൂളിൽനിന്ന് വിരമിക്കുന്ന നിസാർ സാർ, ഫെമിന ടീച്ചർ, സഫ്‌വാൻ സർ, നഫ്സ ടീച്ചർ, കിസ്മത്ത് ടീച്ചർ, സുൽഫത്ത് ടീച്ചർ, ശ്രീകുമാർ സാർ എന്നിവരുടെ നിസ്സീമമായ സേവനത്തിന് ഈ ഡിജിറ്റൽ മാഗസിൻ സ്വാഭിമാനം സമർപ്പിക്കുന്നു....**

**ടീം ലിറ്റിൽ കൈറ്റ്സ്**

**എച്ച് ഐ എച്ച് എസ് എസ്**

**എടവനക്കാട്**



# ആശംസ

അഭിമാനം..
"ലിറ്റിൽ കൈറ്റ്സ്" പുറത്തിറക്കുന്ന ഈ വർഷത്തെ ഡിജിറ്റൽ മാഗസിനിലേക്ക് നിങ്ങളെയെല്ലാം സ്വാഗതം ചെയ്യാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷവും ആവേശവും ഉണ്ട്!
നമ്മുടെ സ്കൂളിന്റെ മതിലുകൾക്കുള്ളിൽ നിറഞ്ഞുനിൽക്കുന്ന അതിരുകളില്ലാത്ത ജിജ്ഞാസയുടെയും സർഗ്ഗാത്മകതയുടെയും തെളിവാണ് നമ്മുടെ ക്ലബ്ബ് നടത്തുന്ന ഈ സംരംഭം.
ലിറ്റിൽ കൈറ്റ്സ് നൂതനാശയങ്ങളുടെ ഒരു സംരംഭമാണ്.
റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ആനിമേഷൻ, പ്രോഗ്രാമിംഗ് എന്നിവയുടെ അത്ഭുതങ്ങളിലൂടെ ചെറു മനസ്സുകളെ പരിപോഷിപ്പിക്കുകയാണ് ഈ ക്ലബ്ബ്. ഈ പേജുകൾ നിങ്ങൾ മറിക്കുമ്പോൾ, നിങ്ങളുടെ സഹപാഠികൾ സൃഷ്ടിച്ച മനോഹരമായ സൃഷ്ടികളിലേക്ക് നിങ്ങൾക്കു കടന്നുചെല്ലാൻ കഴിയും. അവരുടെ കലാപരമായ കാഴ്ചപ്പാടും സാങ്കേതിക വിദ്യയുടെ ലോകത്തെ കീഴടക്കാനുള്ള സമർപ്പണവും നിങ്ങളെ പ്രചോദിപ്പിക്കട്ടെ.
പ്രിയപ്പെട്ട വിദ്യാർത്ഥികളേ,
പുസ്തകങ്ങളിൽ ഒതുങ്ങിപ്പോകേണ്ടതല്ല അറിവ് എന്ന് ഓർക്കുക. പര്യവേക്ഷണത്തിലൂടെയും പരീക്ഷണത്തിലൂടെയും സഹകരണത്തിലൂടെയും അത് പരിപോഷിക്കപ്പെടുന്നു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഈ ആത്മാവിനെ പൂർണ്ണമായി ഉൾക്കൊള്ളുന്നു. അതിരുകൾ മറികടക്കാനും പരാജയങ്ങളെ പഠന അവസരങ്ങളായി സ്വീകരിക്കാനും മികവിനായി പരിശ്രമിക്കാനുമുള്ള ഒരു വേദിയാണ് ഈ ക്ലബ്ബ് നൽകുന്നത്.

ചോദ്യങ്ങൾ ചോദിക്കുക, സൃഷ്ടിക്കുക, സാധ്യതകളെക്കുറിച്ച് സ്വപ്നം കാണുന്നത് നിർത്തരുത്. നൂതനാശയം ഫലിപ്പിക്കുന്നവർക്കാണ് ഭാവി, അവരുടെ സമർപ്പണത്തിലൂടെയും അഭിനിവേശത്തിലൂടെയും ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അതിനെ അതിശയകരമായ രീതിയിൽ രൂപപ്പെടുത്താൻ ഒരുങ്ങുകയാണ്.
ആശംസകൾ നേരുന്നു,



**നജിയ വി യു**

പ്രിൻസിപ്പൽ

# ആശംസ

ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ പ്രചോദനാത്മകമായ
പ്രവർത്തനങ്ങളിലൂടെ വളരുന്ന കൊച്ചു പ്രതിഭകളുടെ
സൃഷ്ടികൾ നിറഞ്ഞ ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ
ആശംസകളും നേരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ
നന്മകൾ ഉൾക്കൊണ്ട് പറന്നുയരുന്ന കൊച്ചു
പട്ടങ്ങളാകട്ടെ എല്ലാവരും.

സസ്നേഹം



**ഫെമിന ഇ എ**
ഹെഡ്മിസ്ട്രസ്സ്

# ആശംസ

സർഗ്ഗാവിഷ്ക്കാരത്തിന്റെ രംഗവേദിയാണ് ഓരോ കലാലയവും..

ഒരു നൂറ്റാണ്ടിന്റെ ചരിത്രവും പാരമ്പര്യവും ഉള്ള നമ്മുടെ ഈ കലാലയത്തിലെ പ്രതിഭാധനരായ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രയത്നഫലമായി രൂപം കൊണ്ട പ്രതീക്ഷ എന്ന ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെ സർഗ്ഗ ഭാവനയുടെ വാതായനങ്ങൾ

തുറക്കുന്ന നിറപ്പകിട്ടാർന്ന കലാസൃഷ്ടിയാണ്... ഓരോ വിദ്യാർത്ഥിയുടെയും കലാസാംസ്കാരിക വാസനകൾ നിറങ്ങളാലും അക്ഷരങ്ങളാലും ഈ ഡിജിറ്റൽ മാഗസിന്റെ താളുകളിൽ ഇതൾ വിരിയുന്നു. ഈ സംരംഭത്തിന്റെ പിന്നിൽ പ്രവർത്തിച്ച ഏവർക്കും അഭിനന്ദനങ്ങൾ.

സസ്നേഹം

**സി എസ് മുഹമ്മദ് റാഫി**

**മാനേജർ**



# ആശംസ

ലോകം വിവര സാങ്കേതിക വിദ്യയിൽ അഭിരമിക്കുന്ന ഇക്കാലത്ത്, അതിന്റെ നല്ല വശങ്ങളിൽ ഗ്രാഹ്യം നേടുവാൻ ഭാഗ്യം ലഭിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ മിടുക്കർ തയാറാക്കുന്ന ഡിജിറ്റൽ മാഗസിന് സ്കൂൾ പിടിഎ പ്രസിഡണ്ട് എന്ന നിലയിൽ എല്ലാ ഭാവുകങ്ങളും നേരുന്നു.

നിങ്ങൾ സ്വായത്തമാക്കുന്ന അറിവുകൾ മറ്റ കൂട്ടുകാരിലേക്കും രക്ഷിതാക്കളിലേക്കും പകരുവാൻ മറക്കാതിരിക്കുക.




**മുല്ലക്കര സക്കരിയ**

PTA പ്രസിഡന്റ്

# മോഹൻദാസ് കരംചന്ദ് ഗാന്ധി




1869 ഒക്ടോബർ രണ്ടിനാണ് ഇന്ത്യയുടെ രാഷ്ട്രപതിയായ മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ ജനനം. മഹാത്മാ ഗാന്ധി,മഹാത്മ,ബാപ്പുജി എന്നീ പേരുകളിൽ ജനഹൃദയങ്ങളിൽ ചേക്കേറി. ഏത് കഠിന പ്രതിസന്ധികളും സത്യത്തെയും അഹിംസയെയും ആയുധമാക്കി മുന്നേറി. കൈ കൊണ്ട് ഉണ്ടാക്കിയ വസ്ത്രം ധരിച്ച , സസ്യാഹാരം മാത്രം ഭക്ഷിച്ച മാതൃകയായി . കരംചന്ദ് ഗാന്ധി ആദർശ ധീരനായിരുന്നു. അദ്ദേഹത്തിന് ഏഴ് വയസ്സുള്ളപ്പോൾ അച്ഛൻ കരംചന്ദ് ഗാന്ധി രാജ് കോട്ടിൽ ജോലിയിൽ ഏർപ്പെട്ടു. ഗാന്ധിജിയുടെ മുത്തച്ഛൻ പോർബന്തറിൽ ദിവാൻ ആയിരുന്നു. പ്രാഥമിക വിദ്യാഭ്യാസം രാജ്കോട്ടിൽ ആയിരുന്നു. പതിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം കസ്തൂർബായെ വിവാഹം കഴിച്ചു. എങ്കിലും അദ്ദേഹം തന്റെ പഠനം തുടർന്നു.

ചെറുപ്പകാലത്ത്പഠിക്കാൻ അത്ര മിടുക്കൻ ഒന്നുമായിരുന്നില്ല. മെട്രിക്കുലേഷൻ വരെ അദ്ദേഹം പഠിച്ചു. 1888ൽ ലണ്ടനിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ആയിരുന്നു അദ്ദേഹത്തിന്റെ പഠനം.1891ൽ പഠനം പൂർത്തിയാക്കി. മുംബൈയിലെ രാജ്കോട്ട് കോടതിയിൽ അഭിഭാഷകനായി, അധികം നാൾകഴിയുന്നതിനു മുൻപ് തന്നെ ആ ജോലി ഉപേക്ഷിച്ചു.

1902 ൽ ദക്ഷിണാഫ്രിക്കയിൽ ഇന്ത്യൻ ഒപ്പീനിയൻ എന്ന പത്രം ആരംഭിച്ചു .1902 മാർച്ച് രണ്ടിന് ഇന്ത്യൻ സ്വാതന്ത്യസമരത്തിന്റെ ഭാഗമായി ഗാന്ധിജി സത്യാഗ്രഹം ആരംഭിച്ചു . ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി അഭിഭാഷകനായി ജോലി നോക്കുന്ന സമയത്താണ് സത്യാഗ്രഹം എന്ന ആശയം അദ്ദേഹത്തിന് മനസ്സിൽ വന്നത്. ബ്രിട്ടനെതിരേയുള്ള ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിയുടെ പ്രധാന ആയുധമായിരുന്നു സത്യാഗ്രഹം. ഉപ്പിനും നികുതി ചുമത്തിയപ്പോൾ,

ഗാന്ധിജിയാണ് ഉപ്പു സത്യാഗ്രഹം എന്ന പുതിയ സമരമാർഗ്ഗം കണ്ടെത്തുന്നത്. 1930 കളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സമരത്തിന്റെ രീതിയെ ഉടച്ചുവാർക്കാൻ ഗാന്ധിയെ ചുമതലപ്പെടുത്തുകയുണ്ടായി.

ലോകത്തിനൊരു പാഠപുസ്തകമാണ് ഗാന്ധിജിയുടെ ജീവിതം. വളർന്നുവരുന്ന തലമുറ തീർച്ചയായും അറിഞ്ഞിരിക്കണം അദ്ദേഹം ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ. ആഗോളതലത്തിൽ ഇത്രയേറെ ആദരിക്കപ്പെടുന്ന ഒരു രാഷ്ട്രീയ നേതാവില്ലെന്ന് നിസ്സംശയം പറയാം. ഒക്ടോബർ രണ്ട് ഗാന്ധിജിയുടെ ജന്മദിനം കലാലയങ്ങളിൽ സേവനദിനമായും മറ്റും ഇതാഘോഷിക്കാറുണ്ട്. അതോടൊപ്പം ഗാന്ധിജിയുടെ വാക്കുകൾ പ്രവൃത്തികളിൽ പ്രതിഫലിപ്പിക്കാൻ നമുക്ക് ശ്രമിക്കാം.






**മുഹമ്മദ് റിംസാൻ**

6 D

# പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം

ഇന്ന് ഭൂമി നേരിടുന്ന ഏറ്റവും വലിയ വിപത്താണ് മലിനീകരണം. മനുഷ്യന്റെ സ്വാർത്ഥ താൽപര്യങ്ങളും സുഖലോലുപതയോടുള്ള അമിതാവേശവും ഉണ്ടാക്കിയെടുത്ത വലിച്ചെറിയൽ സംസ്കാരം ലോകത്താകെ വ്യാപിച്ചു കഴിഞ്ഞു. ഉപയോഗശേഷം വലിച്ചെറിയുന്ന സാധനങ്ങൾ മൂലം ഉണ്ടാകുന്ന മാലിന്യത്തിൽ ഒരു വലിയ പങ്ക് പ്ലാസ്റ്റിക് മൂലമാണ്. സൂപ്പർമാർക്കറ്റുകൾ മുതൽ സാധാരണ വീടുകളിൽ വരെ ഇക്കാലത്ത് എല്ലായിടത്തും പ്ലാസ്റ്റിക് കാണപ്പെടുന്നു. പ്ലാസ്റ്റിക് വളരെ വില കുറഞ്ഞ് ലഭിക്കുന്നു എന്നതാണ് പ്രധാന കാരണം. കൂടാതെ പേപ്പർ, തുണി തുടങ്ങിയവയെ അപേക്ഷിച്ച് ചെലവ് കുറവാണ്. അതുകൊണ്ടാണ് ഇത്




സർവ്വ സാധാരണമായത്. രണ്ടാമതായി ഇത് ഉപയോഗിക്കാൻ വളരെ എളുപ്പമാണ്.. ദ്രാവകമോ ഖരമോ ആയ ഏതിനും ഇത് ഉപയോഗിക്കാം. മാത്രമല്ല ഇത് നമുക്ക് എളുപ്പത്തിൽ വ്യത്യസ്ത രൂപങ്ങളിൽ വാർത്തെടുക്കാൻ കഴിയുന്നു. എന്നാൽ പ്ലാസ്റ്റിക് മലിനീകരണം മനുഷ്യരാശിയെയും വന്യജീവികളെയും ജലജീവികളെയും ഉൾപ്പെടെ മുഴുവൻ ഭൂമിയെയും ബാധിക്കുന്നു. മരുന്നില്ലാത്ത രോഗം പോലെ പടരുകയാണ്. നമ്മുടെ ജീവിതത്തിൽ അത് ഉണ്ടാക്കുന്ന ഹാനികരമായ ആഘാതം എത്രയും വേഗം ഒഴിവാക്കാൻ നാമെല്ലാവരും ശ്രമിക്കണം.



ഓരോ വർഷവും ടൺ കണക്കിന് പ്ലാസ്റ്റിക്കാണ് കടലിലേക്ക് തള്ളുന്നത്. വെള്ളത്തിൽ ലയിക്കാത്തതിനാൽ അത് അവിടെ തന്നെ തുടരുന്നു. അതുവഴി വെള്ളത്തിന്റെ ശുദ്ധത തടസ്സപ്പെടുന്നു. വരും വർഷങ്ങളിൽ നമുക്ക് ശുദ്ധജലം ലഭിക്കില്ല എന്നതാണ് അതിന്റെ ഫലം. പ്ലാസ്റ്റിക് മാലിന്യങ്ങൾ മനുഷ്യർ തള്ളുമ്പോൾ മണ്ണിന് കേടുപാടുകൾ സംഭവിക്കുന്നു. ഇത് മണ്ണിന്റെ ഫലഭൂയിഷ്ടതയെ നശിപ്പിക്കുന്നു. ഇതുകൂടാതെ രോഗവാഹകരായ വിവിധ പ്രാണികൾ പ്രദേശത്ത് നിറയുകയും രോഗങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. നിരവധി പ്രശ്നങ്ങൾക്ക് കാരണമാകുന്ന പ്ലാസ്റ്റിക് മലിനീകരണം നമ്മുടെ കാലാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു. പ്ലാസ്റ്റിക് മലിനീകരണം കൊണ്ട് ഉണ്ടാകുന്ന ഏറ്റവും പ്രധാനപ്പെട്ട മൂന്ന് മലിനീകരണങ്ങളാണ് സമുദ്ര മലിനീകരണം, ഭൂമി മലിനീകരണം, വായു മലിനീകരണം..പ്ലാസ്റ്റിക് ഭൂമിയിലെ എല്ലാവരുടെയും ജീവിതത്തെ എങ്ങനെ നശിപ്പിക്കുന്നു എന്ന് നമുക്കറിയാം.



അത് തടയാൻ നാം അടിയന്തരനടപടികൾ സ്വീകരിക്കണം. പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം തുണിസഞ്ചികൾ, പേപ്പർ ബാഗുകൾ തുടങ്ങിയവ

ഉപയോഗിക്കണം. പ്ലാസ്റ്റിക് വാങ്ങുകയാണെങ്കിൽ അത് വീണ്ടും ഉപയോഗിക്കണം. പ്ലാസ്റ്റിക്കിന്റെ ഉപയോഗം സർക്കാർ നിരോധിക്കണം ഇങ്ങനെയെല്ലാം പ്ലാസ്റ്റിക് മലിനീകരണം വലിയൊരു അളവിൽ നമുക്ക് തടയാനാകും.

## അവബോധം ഉണ്ടാക്കുക

പ്ലാസ്റ്റിക് മാലിന്യം പരിസ്ഥിതിയെ
പ്രതികൂലമായി ബാധിക്കുന്നതിനെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതും ആവശ്യമാണ്. ടെലിവിഷൻ, റേഡിയോ, പരസ്യങ്ങൾ, സോഷ്യൽ മീഡിയ എന്നിവയിലൂടെ ഈ ജോലി എളുപ്പത്തിൽ ചെയ്യാൻ സാധിക്കും.

## പുനരുപയോഗം

പല റീസൈക്ലിങ് കമ്പനികളും ഉപയോഗിച്ച പ്ലാസ്റ്റിക് ക്യാനുകളും കുപ്പികളും മറ്റു വസ്തുക്കളും എടുക്കുന്നു. അതിനാൽ വലിച്ചെറിയുന്നതിന് പകരം കമ്പനികൾക്ക് നൽകുക.

## ഉപസംഹാരം

എല്ലാ മലിനീകരണങ്ങളും തടയാൻ ജനങ്ങൾ ബോധവാന്മാരാകണം. എല്ലാ മലിനീകരണങ്ങളും ഒഴിവാക്കാൻ സർക്കാർ കർശനമായ നിയമങ്ങൾ നടപ്പിലാക്കണം. ആ നിയമങ്ങൾ നമ്മൾ പാലിക്കേണ്ടതുണ്ട്. ഇങ്ങനെയാണ് നമുക്ക് വരാനിടയാകുന്ന വലിയൊരു അപകടത്തെ തരണം ചെയ്യാൻ കഴിയുക.



ഫിസ ഫാത്തിമ ടി എഫ്

9 D

# ലഹരി


ലഹരിയിൽ മതിമറക്കല്ലേ നീ ലക്ഷ്യബോധകമകറ്റിടല്ലേ
രാരീരം പാടിയ തായെ മറക്കല്ലേ താലോലിച്ചാട്ടിയ താതനെയും......
ആനന്ദമെന്തു നീ കണ്ടിതു ലഹരിയിൽ
ആരോമലേയതിതല്ലെന്നറിയുവിൻ
ആരോഗ്യഹീനനായ് തീരുമെന്നോർക്കുവിൻ
ആമോദമെല്ലാമേ തകരുമെന്നോർക്കുവിൻ
മൂത്തവർ ചൊല്ലിടും ചൊല്ലുകൾ നെല്ലിക്ക -
യാദ്യം കയിച്ചിടും പിന്നെയോ മധുരിക്കും
കയിപ്പുകൾ
കുടിച്ചിറക്കിയാലൊടുവിലായ്




കദനക്കടൽ കടക്കാതെ നീങ്ങിടാം...
നൈമിഷികമാം ലഹരിയിൽ നീ നിന്റെ
നൈപുണികൾ മറക്കാതിരിക്കുക..
നിനക്കുമുണ്ടൊരുപാടു ചെയ്യുവാൻ
നടന്നു തീർത്തിടാനൊരു പാടു ദൂരങ്ങൾ...




**അന്തസ്സു വെടിഞ്ഞദ്ധ്യാപകരുടെ**
**ഗുരുത്വത്തെ**
**വെല്ലുവിളിച്ചിടല്ലേ**
**ഗുരുവതു പരബ്രഹ്മനാകുമെന്ന പരമാർത്ഥമൊട്ടും മറന്നിടല്ലേ...**
**ലഹരികൾ പലവിധമുണ്ടാമേ പാരിതിൽ**
**കണ്ടെത്തൂ നീ നിന്റെ മാത്രം ലഹരികൾ**
**പൊയ്പോയ കാലങ്ങൾ നിനവിൽ നിറക്കുവിൻ**
**ജീവിതം**
**താനൊരുലഹരിയായ് കാണുവിൻ**
**ജീവിതം തന്നെ നീ ലഹരിയായ് മാറ്റുവിൻ.....**



**ബിന്ദു.കെ.എ**

അധ്യാപിക

# മദനന്റെ സൈക്കിൾ



മദനന്റെ സൈക്കിൾ കള്ളൻ കട്ടോണ്ട് പോയി.
തൊള്ളായിരത്തി എൺപതുകളിൽ സ്വന്തമായി ഒരു സൈക്കിളുണ്ടാവുകയെന്നത് വല്യ പത്രാസിന്റെ അടയാളമാണ്. കുബേര കുടുംബത്തിൽ പിറന്നതൊന്നുമല്ലേലും നന്നായി അധ്വാനിച്ച് കാശു മിച്ചംവച്ച്, ദിവസക്കുറിചേർന്ന് തവണകളായി കൊടുങ്ങല്ലൂരിലെ യുണൈറ്റഡ് സൈക്കിൾ എമ്പോറിയത്തീന്ന് വാങ്ങിയ ഹീറോ കമ്പനീടെ ഒത്തവണ്ടിയാണ് നഷ്ടപ്പെട്ടത്.
രാവിലെ തന്റെ ചെറ്യേ സി ക്ലാസ് കടയിലേക്ക് അത്യാവശ്യം സാധനങ്ങളെടുക്കാൻ പതിവുപോലൊരു തിങ്കളാഴ്ച കോട്ടപ്പുറം ചന്തയിലെത്തി, സൈക്കിൾ സ്റ്റാന്റിലിട്ട് കടയിലേക്ക് കയറി, സാമാനങ്ങളുമായി ഇറങ്ങിവന്നപ്പോളാണ് നെഞ്ചിലൊരു വെള്ളിടി സമ്മാനിച്ച് ആ ശൂന്യത മദനനെ വലയംചെയ്തത്.
തെരയാനിനി ചന്തേല് ഒരിഞ്ചും ബാക്കിയില്ലാതെ ക്ഷീണിച്ച് വിഷമിച്ച് ഒരു കടേടെ മുന്നിൽ കുന്തിച്ചിരുന്ന മദനനെ ആരൊക്കെയോ സമാധാനിപ്പിച്ച് അഴീക്കോട്ടെ കടേലെത്തിച്ചു.
സംഭവം കവലേലെങ്ങും പരന്നു.
കള്ളന് അത് അനുഭവിക്കാൻ യോഗമില്ലാതെ പോകട്ടെയെന്നും അവന്റേം തള്ളേടേം തലേൽ ഇടിത്തീ വീഴട്ടെയെന്നും മദനൻ ഇടക്കിടെ പ്രാകിക്കൊണ്ടേയിരുന്നു,
ഞങ്ങൾ ആ കവലേലെ തിണ്ണനിരങ്ങികളായ കുറച്ചു ബാലന്മാർക്ക് മദനന്റെ സങ്കടത്തിൽ

പങ്കുചേർന്ന് ചർച്ചിക്കാൻ നാലഞ്ചുദിവസത്തേക്ക് ഒരു വിഷയമായി.
കള്ളനെ അങ്ങിനെ വിട്ടാൽ പറ്റുലല്ലോ..! തൊട്ടടുത്ത്
ചെറിയൊരു വൈദ്യശാലയും കം സൈക്കിൾ വാടകക്കു കൊടുപ്പു കടയും നടത്തുന്ന
വൈദ്യരുടെ മകൻ സുനി പുതിയ ഐഡിയയുമായി രംഗത്തെത്തി.
അടുത്ത വ്യാഴാഴ്ച മറ്റൊരു സൈക്കിളുമായി ഒന്നുമറിയാത്തപോലെ മദനൻ ചന്തയിൽ
പോവുക. സൈക്കിൾ അതേ സ്ഥലത്ത് സ്റ്റാന്റിലിട്ട് കടയിൽ കയറുന്നതുപോലെ മാറി
ഒളിച്ചുനിൽക്കുക. കള്ളൻ ആരും കാണാതെ അതെടുത്ത് ചവിട്ടിക്കയറും നേരം ഓടിച്ചെന്ന്
പിടിച്ചുനിർത്തി ഒച്ചയിട്ട് ആളെക്കൂട്ടുക.
കട്ട കള്ളനെക്കൊണ്ടുതന്നെ സൈക്കിൾ എടുപ്പിച്ച് അവനെ പോലീസിലേല്പിച്ച്
വിജയശ്രീലാളിതനായി തിരികെ പോരുക..

ഐഡിയ എല്ലാർക്കും നന്നേ ബോധിച്ചു. എല്ലാരും കൂടെ പോകേണ്ടെന്നും തന്റെ വാടക
സൈക്കിളിൽ മദനനെ ലോഡിരുത്തി ചവിട്ടി, അവിടെയെത്തിച്ച് ആ മഹത്കർമത്തിന്
സാക്ഷ്യം വഹിച്ചോളാമെന്നുമുള്ള സുനിയുടെ തീരുമാനം ദൃഢമായിരുന്നു.
അങ്ങിനെ ആ വ്യാഴാഴ്ച സുദിനം വന്നെത്തി. അതിരാവിലെതന്നെ കാവിമുണ്ടും ഷർട്ടും
കുറിയുമണിഞ്ഞ് സുനിയും പതിവുപോലെ ഷർട്ട്
പാന്റ്സിൽ ഇൻ ചെയ്ത് മദനനും സുനിയുടെ PRH1എന്നെഴുതിയ പുത്തൻ ബിഎസ്എ
വാടക സൈക്കിളിൽ ചന്തയിലോട്ട് വച്ചുപിടിച്ചു. സൈക്കിൾ മദനനെ ഏല്പിച്ച് സുനി
ഒന്നുമറിയാത്തപോലെ ഒരു കടത്തിണ്ണയിലേക്ക് കയറിനിന്നു. പഴയ മോഷണ സൈക്കിൾ
വച്ച അതേ സ്ഥലത്ത് PRH1 നെ സ്റ്റാന്റിലിട്ട് മദനനും സംശയം തോന്നാത്തവിധം ഒരു
കടയിലേക്കെന്ന വ്യാജേന മറയിലൊളിച്ചു. അവിടെനിന്ന് കൺചിമ്മാതെ ശ്വാസമടക്കിപ്പിടിച്ച്
സൈക്കിളിനെ നോക്കി, കള്ളനെ പ്രതീക്ഷിച്ചു നിന്നു. അതിനിടയിൽ സുനിയെക്കൂടി
തന്റെയടുത്തേക്ക് വിളിക്കാൻ മാത്രമാണ് മദനൻ ദൃഷ്ടി മാറ്റിയത്. രണ്ടാളും മറയത്തു
ചേർന്നുനിന്ന് ഒരിക്കൽകൂടി നോക്കുമ്പോൾ..ആ സൈക്കിളിരുന്നിടവും ശൂന്യം!

അന്ന് ഉച്ചവരെ കടത്തിണ്ണയിലെ കുന്തിച്ചിരുപ്പിന് മദനന് കൂട്ടായി സുനിയുമുണ്ടാർന്നു എന്ന
വ്യത്യാസം മാത്രം.



വി കെ നിസാർ

മുൻ വൈസ് പ്രിൻസിപ്പൽ

# പുസ്തകങ്ങൾക്കും ജീവനുണ്ട്

## പി. കെ.പാറക്കടവ്




പി.കെ.പാറക്കടവ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന അഹമ്മദ് എഴുതിയ സാഹിത്യം, ഓർമ്മ,അനുഭവം, സമകാലികം, ഇടപെടൽ എന്നീ മേഖലകളായി തിരിച്ചെഴുതിയ അതിഗംഭീര പുസ്തകം ആണ് "പുസ്തകങ്ങൾക്കും ജീവനുണ്ട് " എന്നത്. ബ്ലൂ ഇങ്ക് ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകത്തിന് 170 രൂപയാണ് വില. 38 അധ്യായങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു. പ്രഥമ അധ്യായം കഥയുടെ കുലപതി എന്ന ടി പത്മനാഭന്റെ 'കാവ്യസൃഷ്ടി ' തുടങ്ങി 'ഭയത്തിന്റെ കുപ്പായങ്ങൾ ഊരിയെറിയുക' എന്ന വർഗീയ ഫാസിസത്തെക്കുറിച്ചുള്ള ലേഖനത്തിൽ അവസാനിക്കുന്നതാണ് ഉള്ളടക്കം.

സാഹിത്യം,സംസ്കാരം,സമകാലിക രാഷ്ട്രീയം തുടങ്ങിയ വിഷയങ്ങളിൽ പികെ പാറക്കടവ് പല കാലങ്ങളിൽ എഴുതിയ കുറിപ്പുകളുടെ സവിശേഷ സമാഹാരമാണ് ഈ ഗ്രന്ഥം. ഈ ഗ്രന്ഥത്തിലെ ഒരു അധ്യായത്തിന്റെ പേരാണ് 'പുസ്തകങ്ങൾക്കും ജീവനുണ്ട് ' എന്നത് . ലേഖനം ആരംഭിക്കുന്നത് അഡോണിസിന്റെ quoting ഓടെയാണ്.

"To read is to write the future "

ഭാവിയിൽ എഴുതാൻ വേണ്ടി വായിക്കുക.

വായനയുടെ പ്രാധാന്യത്തെ കുറിച്ചുള്ള ഗവേഷണ ലേഖനമാണ് ഇത്. ഒരു പുസ്തകത്തിന്റെ സ്പർശം കൊണ്ട് ഒരാളെ വഴി തിരിച്ചു വിടാം. ടെലിവിഷനും ഇന്റർനെറ്റും പുസ്തകവായനയെ ഇല്ലാതാക്കി എന്ന് പറഞ്ഞു കേൾക്കാറുണ്ട്. കണക്കുകൾ സംസാരിക്കുന്നത് നേരെ മറിച്ചാണ്.




ലോകത്തിലെ തന്നെ ഏറ്റവും വലിയ ലൈബ്രറികളിൽ ഒന്നായ കാനഡയിലെ വാൻ കുവർ പബ്ലിക് ലൈബ്രറി 27 ലക്ഷം പുസ്തകങ്ങളും മൂന്നുലക്ഷം മെമ്പർമാരും ഉള്ള ലൈബ്രറി എന്ന പരാമർശം ലേഖനത്തിൽ ഉണ്ട്. വളരെ നല്ല വായനാനുഭവം നൽകുന്ന മികച്ച പുസ്തകങ്ങളിൽ ഒന്നായി ഈ ഗ്രന്ഥത്തെ ചേർത്തു വെക്കാം.



ഐഷ മഹ്റൂഫ്

9 D

# ഭൂതക്കിണർ

പണ്ട് പണ്ട് രാജാക്കന്മാർ നാട് ഭരിച്ചിരുന്ന കാലം. അന്ന് ഉജ്ജയിനി ഭരിച്ചിരുന്നത് മിലൻ രാജാവ് ആയിരുന്നു . അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു ജീവല രാജ്ഞി. അവർക്ക് ഒരേയൊരു മകൾ സുഭദ്ര രാജകുമാരി. അവർ സന്തോഷത്തോടെ ജീവിച്ചു പോന്നു. അങ്ങനെയിരിക്കെ സുഭദ്ര രാജകുമാരിക്ക് പറ്റിയ ഒരു വരനെ കണ്ടെത്താനായി അന്വേഷണം ആരംഭിച്ചു . ഒടുവിൽ അയൽരാജ്യമായ മഗധയിലെ രാജകുമാരനായ ശക്തി ഭദ്രനെ വരനായി കണ്ടെത്തി . അവരുടെ വിവാഹം നടന്നു . രാജകുമാരനും രാജകുമാരിയും മഗധയിലേക്ക് യാത്രയായി.



സുഭദ്ര രാജകുമാരി രാജ്യം വിട്ടതോടെ രാജ്യം ക്ഷയിക്കാൻ തുടങ്ങി . രാജ്യം മുഴുവൻ ഏതോ ഒരു ഭൂതത്തിന്റെ പിടിയിലായി.

നാളുകൾ കടന്നുപോയി . സുഭദ്ര രാജകുമാരിക്ക് കുട്ടികൾ ഉണ്ടായില്ല. മഗധയിലെ കൊട്ടാരത്തിൽ അവൾ ഒതുക്കത്തോടെ കഴിഞ്ഞു . ഒരിക്കൽ സുഭദ്ര രാജകുമാരി ശക്തിഭദ്രൻ രാജകുമാരനോട് ഉജ്ജയിനിയിലേക്ക് പോകാനുള്ള ആഗ്രഹം പറഞ്ഞു. അങ്ങനെ അവർ രണ്ടുപേരും സൈന്യത്തോടൊപ്പം യാത്ര തിരിച്ചു. രാജ്യത്തിന്റെ അതിർത്തി കടക്കുമ്പോഴേക്കും വീടുകൾ മാറി മരങ്ങളായി. മരങ്ങൾ കാടുകളായി മാറി. ഉജ്ജയിനിയിലേക്ക് കടക്കുമ്പോൾ തന്നെ തന്നെ ഇരുട്ട് പരക്കാൻ തുടങ്ങി. ഒടുവിൽ വഴിയറിയാതെ ഏതോ ഒരുകൊട്ടാരത്തിൽ അവർ കയറി. ക്ഷീണത്താൽ എല്ലാവരും ഉറങ്ങിപ്പോയി. ഒരു അലർച്ച കേട്ടാണ് എല്ലാവരും ഞെട്ടിയെഴുന്നേറ്റത്. അവിടെയുള്ള ഒരു കിണറ്റിൽ നിന്നായിരുന്നു ആ അലർച്ച . എല്ലാവരും അവിടേക്കോടി.



ശക്തി ഭദ്രൻ തന്റെ കയ്യിൽ ഉണ്ടായിരുന്ന കുറച്ച് നാണയങ്ങൾ കിണറ്റിലേക്കിട്ടു. പെട്ടെന്ന് തന്നെ ആ നാണയങ്ങൾ തിരിച്ചുവന്നു. രാജകുമാരൻ അത്ഭുതപ്പെട്ടു. രാജകുമാരൻ തന്റെ കിരീടം കിണറ്റിലേക്കിട്ടു.അതും തിരിച്ചുവന്നു.

രാജകുമാരൻ പടവാളൂരി കിണറ്റിലേക്ക് എടുത്തുചാടി. വിവരം അറിഞ്ഞു സുഭദ്ര രാജകുമാരിയും അവിടേക്ക് എത്തി. വാളുകൾ തമ്മിൽ കൂട്ടിമുട്ടുന്ന വലിയ ശബ്ദം കിണറ്റിൽ നിന്നും കേൾക്കാമായിരുന്നു. കിണറ്റിനുള്ളിൽ വസിച്ചിരുന്ന ഭൂതത്തെയായിരുന്നു രാജകുമാരന് നേരിടേണ്ടി വന്നത്. സുഭദ്ര രാജകുമാരി പുറത്തുനിന്ന് ഉറക്കെ വിളിച്ച് ചോദിച്ചു.

"ആരാണവിടെ .. എന്റെ രാജകുമാരനോട് ഏറ്റുമുട്ടുന്നത് ? ഞാൻ സുഭദ്ര രാജകുമാരിയാണ്.."




സുഭദ്ര രാജകുമാരിയുടെ ശബ്ദം കേട്ടപ്പോൾ ഭൂതം കിണറിന് പുറത്തേക്ക് വന്നു. ഭൂതം ചോദിച്ചു.

"എന്ത്? ഉജ്ജയിനിയിലെ മിലൻ രാജാവിന്റെയും ജീവലരാജ്ഞിയുടെയും മകൾ സുഭദ്ര രാജകുമാരിയാണോ നിങ്ങൾ?

പറഞ്ഞാലും രാജകുമാരീ...

അങ്ങേയ്ക്ക് വേണ്ടി ഞാൻ എന്താണ് ചെയ്യേണ്ടത് ?"

രാജകുമാരി തന്റെ ഭർത്താവിനെ പുറത്തെത്തിക്കാൻ ആവശ്യപ്പെട്ടു. ഇനി രാജകുമാരിക്ക് എന്താവശ്യമുണ്ടെങ്കിലും ഭൂതം അത് സാധിച്ചു തരാമെന്നും പറഞ്ഞു. രാജകുമാരി തന്റെ വിഷമം ഭൂതത്തോട് പറഞ്ഞു . ഉജ്ജയിനി രാജ്യം പഴയപോലെ സന്തോഷം നിറഞ്ഞതാക്കണമെന്നും മക്കളില്ലാത്ത രാജകുമാരനെയും രാജകുമാരിയെയും അനുഗ്രഹിക്കണമെന്നും. ഭൂതം രണ്ടുപേരുടെയും തലയിൽ കൈവച്ച് അനുഗ്രഹിച്ചു. എങ്ങും വെളിച്ചം പരന്നു. രാജകുമാരി സന്തോഷത്തിലായി. അധികനാൾ കഴിഞ്ഞില്ല അവർക്ക് സുന്ദരനായ ഒരു ആൺകുഞ്ഞ് പിറന്നു. പിന്നീട് അവർ സുഖമായി കഴിഞ്ഞു.






അദീല നൗറിൻ
4C

# ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന

ഞാൻ വായിച്ച എനിക്കേറെ ഇഷ്ടപ്പെട്ട ഒരു പുസ്തകം. പ്രശസ്ത എഴുത്തുകാരനായ ബേപ്പൂർ സുൽത്താൻ  വൈക്കം മുഹമ്മദ് ബഷീർ എഴുതിയ ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന എന്ന പുസ്തകതകമാണ്. അത് ഞാൻ നിങ്ങൾക്ക പരിചയപ്പെടുത്താം . ആനയുണ്ടായിരുന്ന തറവാട്ടിലെ കാരണവത്തിയായതിനാൽ വീട്ടിൽ പട്ടിണിയാണെങ്കിലും പ്രതാപം നടിക്കുന്നതിൽ ഒട്ടും കുറവില്ല . ആഭരണങ്ങളണിഞ്ഞ്  മെതിയടിയിട്ട് അഹങ്കാരത്തോടെയാണ് ഉമ്മയുടെ നടപ്പ്. തന്റെ സുന്ദരിയായ മോൾ കുഞ്ഞിപ്പാത്തുവിനേയും അണിഞ്ഞൊരുങ്ങി നടക്കാൻ ഉമ്മ നിർബ ന്ധിക്കുന്നുണ്ട്. വീട്ടിലുള്ള ജോലിക്കാരോട്ടും വളരെ കർശനമായാണ് ഉമ്മ ആജ്ഞാപിക്കാറ്.




ആനയുണ്ടായിരുന്ന തറവാടിന്റെ മുൻപിൽ തന്നെ ലക്ഷണമൊത്ത ഒരാനയുടെ ഫോട്ടം വെച്ചിട്ടുണ്ട്. ജോലിക്കാരൻ എന്നും രാവിലെ ആ ഫോട്ടം തുടച്ച വൃത്തിയാക്കണം. അതു ഉമ്മക്ക് നിർബന്ധമാണ്. അല്ലെങ്കിൽ തുടങ്ങും ഉച്ചത്തിൽ ഒരു ചീത്ത വിളി . ഇങ്ങനയൊക്കെയാണെങ്കിലും അവരുടെ വീട്ടിലെ അവസ്ഥ വളരെ ദയനീയമാണ്. വീടിന്റെ ആധാരം പണയത്തിലാണ് . അതെടുക്കാൻ വാപ്പ നെട്ടോട്ടമോടുകയാണ്. എന്നാൽ ഉമ്മയുടെ ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന എന്ന ആവർത്തിച്ചുള്ള അഹങ്കാരം  കേൾക്കുമ്പോൾ അതൊരു        കുയ്യാനേർന്ന എന്ന് മോൾ കുഞ്ഞിപ്പാത്തു പറയുന്നിടത്താണ് കഥയുടെ ഹാസ്യം നിലകൊള്ളുന്നത്.



ഇഫ്ഫത്ത് വി ഇബ്റാഹിം

9 D

# ചിദംബരം

ചിദംബരം

സി.വി ശ്രീരാമന്റെ ചിദംബരം എന്ന ചെറുകഥ ശൈലികൊണ്ടു ആഖ്യാനം കൊണ്ടും വ്യത്യസ്തപ്പെട്ടിരിക്കുന്നു.

ചിദംബരം നടരാജ ക്ഷേത്രത്തിന്റെ ഗോപുരനടയിലൂടെ കയറി വരുമ്പോളാണ് ചിന്തകൾ അയാളുടെ മനസ്സിനെ മഥിച്ചത്.കരൾ രോഗത്തിന്റെ പിടിയലമർന്നപ്പോൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം തെരഞ്ഞെടുത്ത ഒരു ക്ഷേത്ര സന്ദർശനം...




പോർട്ട് ബ്ലയറിൽ ഹെഡോ എന്ന സ്ഥലത്ത് അയാൾ താമസിക്കുന്ന വീടിന്റെ മറ്റൊരു ഭാഗത്ത് താമസിക്കാൻ വന്ന വാച്ചാപുരിയെയും കുടുംബത്തെയും കുറിച്ച് അയാൾ ഓർത്തത് തന്റെ ചെരുപ്പു സൂക്ഷിക്കാനേൽപ്പിച്ച ആ സ്ത്രീയെ കണ്ടപ്പോളാകാം.പാപ്പായുടെ ഓർമ്മകൾ അയാളെ വേട്ടയാടിയത് അങ്ങിനെയായിരിക്കാം. വാച്ചാപുരിയുടെ ഭാര്യ, അഖിലാണ്ഡാമ്മാൾ, ഒരു ഏകാകിനിയെപ്പോലുള്ള ജീവിതം നയിച്ചവൾ.... ആ ഏകാന്തതയാണ് അയാളെ അവളിലേയ്ക്കടുപ്പിച്ചത്. തന്റെ അച്ഛന് എഴുതുന്ന കത്തുകൾക്ക് മേൽവിലാസം എഴുതിക്കൊടുക്കുന്നത് അയാളാണ്.

അയാൾ അവളെ അഖിലാണ്ഡാമ്മാൾ എന്നും പിന്നീട് അഖിലാമ്മാൾ എന്നും വിളിച്ചു. അവൾ നിർബന്ധിച്ചപ്പോളാണ് പാപ്പാ എന്നു വിളിക്കാൻ തുടങ്ങിയത്. വാച്ചാപുരിക്ക് അടുത്തുള്ള ലേബർ ബേരക്കിൽ മുറി കിട്ടി മാറിത്താമസിച്ചു. പക്ഷേ ഒരിക്കലും പ്രതീക്ഷിക്കാത്തവണ്ണം ഒരു രാത്രിയിൽ വാച്ചാപുരിക്ക് രാത്രി ഡ്യൂട്ടിയാണെന്നു പറഞ്ഞ് അർദ്ധരാത്രി അയാളുടെ അരികിൽ അവൾ വന്നു. പിന്നെ പിന്നെ വാച്ചാപുരിക്ക് രാത്രി ഡ്യൂട്ടിയുള്ള സമയത്തൊക്കെ ഒരു മുന്നറിയിപ്പുമില്ലാതെ അവൾ വന്നു

താൻ ആദ്യമായി എന്നാണ് ലേബർബാരക്കിൽ പോയതെന്ന് അയാൾ ഓർക്കുന്നില്ലെങ്കിലും അവസാനമായി പോയത് അയാൾ വ്യക്തമായി ഓർക്കുന്നു. ലേബർബാരക്കിൽ നിന്നു നോക്കിയാൽ സർക്കാർ സോമില്ലിലെ വിളക്കുകൾ കാണാം. അന്ന് രാത്രി പെട്ടെന്ന് ലൈറ്റുകൾ അണഞ്ഞു. അയാൾ പുറത്തേക്ക് വന്നു. മുറ്റത്ത് മുന്നിൽ നിഴൽ പോലെ വാച്ചാപുരി. അയാൾ അവിടെ നിന്ന് വേഗം നടന്നു. വാച്ചാപുരി പുറകെയും.. ഹൈഡോവിലെ ഒരു മലയാളി ഹോട്ടലിലേക്ക് അയാൾ ഓടിക്കയറി.

പുലർച്ചെ, പവർഹൗസിൽ പൊട്ടിത്തെറിയുണ്ടായതാണ് ലൈറ്റു നഷ്ടമാകാൻ കാരണമെന്നറിഞ്ഞു. എഞ്ചിനീയർ സ്വാമിയും രണ്ടു കൂലിക്കാരും ഷോക്കേറ്റു മരിച്ചു. എന്നാൽ അതിനേക്കാൾ ഞെട്ടിക്കുന്ന വാർത്ത വാച്ചാപുരി ഭാര്യയെ വെട്ടിയിരിക്കുന്നു എന്നതാണ്! ശേഷം വാച്ചാപുരി കടലോരത്ത് കെട്ടിത്തൂങ്ങി മരിച്ചു.

രണ്ടു ദിവസത്തിനു ശേഷം ആഫീസറുടെ അനുകമ്പയിൽ ദൂരത്തേക്ക് ഒരു ട്രാൻസ്ഫർ. ആശുപത്രിയിൽ പോയി അവളെ കണ്ടു. കട്ടിലിൽ ബാൻഡേജിൽ പൊതിഞ്ഞ ശരീരം....

മാസങ്ങൾക്കു ശേഷം പാപ്പായുടെ കഴുത്തിലെ മുറിവുണങ്ങിയെന്നും, വെട്ടേറ്റ രണ്ടു വിരലുകൾ നിശ്ശേഷം അറ്റുപോയെന്നും, തമിഴ് പട്ടാള സംഘം കപ്പൽക്കാശ് പിരിച്ച് പാപ്പായെ നാട്ടിലേക്കയച്ചെന്നും അയാൾ അറിഞ്ഞു.

ഓർമ്മകളിൽ നിന്നുണർന്ന് ഇടനാഴിയിലൂടെ അയാൾ നടന്നു, അടച്ചിട്ട കനത്ത നടവാതിൽക്കൽ നിന്നു, കണ്ണുകടച്ചു.

അയാൾ ചിന്തിച്ചു , തനിക്കു കരൾവ്യാധിയിൽ നിന്നുംമോചനം കിട്ടാനോ അതോ മോക്ഷം കിട്ടാനോ പ്രാർത്ഥിക്കേണ്ടത് ? മോക്ഷം കിട്ടാനായി, തനിക്കു വേണ്ടി പാപം പങ്കിടാൻ വന്ന ആരുടെയെങ്കിലും മോക്ഷത്തിന് താനിന്നു വരെ പ്രാർത്ഥിച്ചിട്ടുണ്ടോ?

ക്ഷേത്രത്തിന്റെ ഇടനാഴിയിൽ നിന്ന് പുറത്തേക്ക് വന്ന് ചെരുപ്പ് തിരിച്ചെടുക്കാൻ അയാൾ ഒരുങ്ങി. അൽപ്പം മുൻപ് പാപ്പായെ പോലെ തന്നോട് സരസമായി സംസാരിച്ച ആ സ്ത്രീയോട് അയാൾ പേരു ചോദിച്ചു അവൾ ദേഷ്യത്തോടെ അയാൾക്കു നേരെ തിരിഞ്ഞ് ഇങ്ങനെ പറഞ്ഞു

"ഹേ... സ്വാമിയാരേ... കാവിയും ഉടുത്ത് മോക്ഷം തേടി നടക്കുന്ന നിങ്ങൾക്ക് എന്റെ പേരറിഞ്ഞിട്ട് എന്തു കിട്ടാനാണ്.... നിങ്ങൾ നിങ്ങളുടെ പാട്ടിനു പോകൂ" .

അയാൾ ചെരുപ്പും ധരിച്ച് തിരിഞ്ഞു നോക്കാതെ നടക്കുന്നിടത്താണ് കഥയുടെ അവസാനം.



ബിന്ദു.കെ.എ

അധ്യാപിക

# ഇസ്രയേൽ എന്ന രാഷ്ട്രീയ ഭീകരത

“1921- ൽ ഒരു പഞ്ചനക്ഷത്ര ഹോട്ടലിൽ വിസ്കിയും നുണഞ്ഞിരിക്കുമ്പോൾ എന്റെ പേനയുടെ ഒരു ചെറു ചലനത്തിലൂടെ ഞാൻ ട്രാൻസ് ജോർദാൻ എന്ന രാജ്യം സൃഷ്ടിച്ചു.”

ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൻ ചർച്ചിലിന്റെ വീരവാദമാണിത് . അതുപോലെ മറ്റൊരു തൂലിക ചലനത്തിലൂടെയാണ് 1947ൽ ഐക്യരാഷ്ട്രസഭ ഇസ്രയേൽ - ഫലസ്തീൻ രാഷ്ട്രങ്ങൾ സൃഷ്ടിച്ചത്. ബ്രിട്ടീഷ് കോളനി ആയിരുന്ന ഫലസ്തീൻ 1948 ൽ ബ്രിട്ടനിൽ നിന്ന് മോചിതമാകുമ്പോൾ വിഭജിച്ച് ഇസ്രായേൽ ഫലസ്തീൻ എന്നീ രണ്ടു രാഷ്ട്രങ്ങൾ നിലവിൽ വരുമെന്നായിരുന്നു ഐക്യരാഷ്ട്രസഭ പ്രഖ്യാപനം. തങ്ങളുടെ രാജ്യം വിഭജിക്കുന്നതിനെക്കുറിച്ച് ഫലസ്തീൻ ജനതയോട് ആരും അഭിപ്രായം ചോദിക്കുക പോലും ചെയ്തില്ല. അമേരിക്കൻ പ്രസിഡന്റ് ട്രൂമാൻ ഇസ്രായേലിന് അംഗീകാരം നൽകി. ഐക്യരാഷ്ട്രസഭ ഇസ്രായേലിന് അംഗത്വവും നൽകി. പക്ഷേ ഫലസ്തീൻ കടലാസിൽ മാത്രം. യുഎൻ നൽകിയത് ഒബ്സെർവർ പദവി മാത്രമാണ്.

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും ജൂതന്മാർ വാഗ്ദത്ത ഭൂമിയിലേക്ക് പ്രവഹിച്ചു. പൊതുവേ ജൂതന്മാർ തങ്ങളുടെ നിയന്ത്രിത സാമൂഹ്യ ക്രമങ്ങൾക്കുള്ളിൽ ഒതുങ്ങിക്കൂടുന്നവരായിരുന്നു. അവർ വസിച്ചിരുന്ന രാജ്യങ്ങളിൽ ഒന്നും അവർ തദ്ദേശീയരുമായി കൂടുതൽ ഇടപഴകിയിരുന്നില്ല. ലോകത്തിലെ ഏതൊരു രാജ്യത്ത് നിന്നും മറ്റൊരു രാജ്യത്തേക്ക് പോകണമെങ്കിൽ പാസ്പോർട്ട്, വിസ തുടങ്ങിയ ഉദ്യോഗിക അനുമതി പത്രങ്ങൾ അനിവാര്യമാണ്. എന്നാൽ ലോകത്തെവിടെയും താമസിച്ചിരുന്ന ജൂതർക്ക് ഒരു കടലാസ് പോലും കാണിക്കാതെ ഇസ്രായേലിലേക്ക് കുടിയേറാം.ഓരോ രാജ്യത്തും താമസിക്കുന്ന ജൂതന്മാർ അതാതു രാജ്യത്തെ പൗരന്മാരാണ്.



യൂറോപ്പിൽ നിന്നും വന്ന ജൂതന്മാരാണ് ജൂത അറബ് സംഘർഷത്തിന് മുഖ്യകാരണക്കാർ. അതിനു പ്രധാനമായും രണ്ടു കാരണങ്ങളാണ് ഉള്ളത്. ഒന്ന് ഫലസ്തീൻ ജൂതന്മാരുടെ വാഗ്ദത്ത ഭൂമിയാണെന്ന പ്രമാണ വാക്യം അവർ അന്ധമായി വിശ്വസിച്ചു.ചരിത്രപരമായി ആ അവകാശവാദത്തിന് യാതൊരു അടിത്തറയും ഇല്ലായിരുന്നു.

രണ്ട് സ്വന്തം സാംസ്കാരിക വൃത്തത്തിന് പുറത്തുള്ള ഒന്നിന്റെയും ക്രിയാത്മക മൂല്യത്തെ താത്വികമായി പോലും അംഗീകരിക്കാൻ അനുവദിക്കാത്ത മട്ടിൽ രൂഢമൂലമാണ് പാശ്ചാത്യ സങ്കല്പം. ക്രിസ്തുമതം യഹൂദ മതം എന്നിവയുമായി താരതമ്യം ചെയ്യാൻ പോലും അർഹതയില്ലാത്ത മതം ആണ് ഇസ്ലാം



ഇസ്രയേൽ ഒരു ചെറു രാജ്യമാണെങ്കിലും അമേരിക്കയിലെയും മറ്റു പല പാശ്ചാത്യരാജ്യങ്ങളിലെയും നിർണായകമായ പദവികളിൽ വിരാജിക്കുന്നത് ജൂതന്മാരാണ്. തീരുമാനങ്ങൾ എടുക്കാനും തീരുമാനങ്ങളെ സ്വാധീനിക്കാനും കഴിവുള്ള താക്കോൽ സ്ഥാനങ്ങൾ ജൂതന്മാർ കയ്യടക്കി വെച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ ഇസ്ലാമോഫോബിയ എന്ന വിഷക്കൊടുങ്കാറ്റ് ലോകമൊട്ടുക്കും വ്യാപിപ്പിക്കാൻ അവർക്ക് നിഷ്പ്രയാസം കഴിഞ്ഞു. തദ്ദേശീയ ജനതയെ അവരുടെ പാർപ്പിടങ്ങളിൽ നിന്ന് പുറംതള്ളി അവരുടെ ഭൂമി പിടിച്ചെടുക്കാൻ ഇസ്രയേലിന് കഴിയുന്നതും സാമ്രാജ്യത്വ ശക്തികളുടെ പിൻബലത്തോടെയാണ്.

അമേരിക്കയിലെയും ബ്രിട്ടനിലെയും ഇവാൻജലിക്കൽ ക്രൈസ്തവർ, രാഷ്ട്രീയ പ്രമാണിമാർ അവിടങ്ങളിലെ ആഭിജാത വർഗ്ഗമായ പ്രമുഖന്മാർ ജൂത പ്രമാണികൾ എന്നിവർ ചേർന്നാണ് ഫലസ്തീൻ ജനതയെ ദുരന്തത്തിലേക്ക് തള്ളിയിട്ടത്.

ആയിരക്കണക്കിന് രോഗികളും ഇസ്രായേലിന്റെ ഭീകര ആക്രമണങ്ങളിൽ മുറിവേറ്റവരും കഴിഞ്ഞിരുന്ന ആശുപത്രികൾ ക്രൈസ്തവർ ഉൾപ്പെടെയുള്ള ഭയവിഹ്വലരായ സാധാരണക്കാർ അഭയം തേടിയിരുന്ന ഗസ്സയിലെ പുരാതനമായ ഫോർ സെന്റ് ബോംബിട്ട ഇസ്രായേലിന്റെ ഭീകരമായ നടപടി മനസ്സാക്ഷിക്കുത്ത് ഒട്ടും ഇല്ലാതെ അംഗീകരിക്കുകയാണ് അമേരിക്കയും ബ്രിട്ടനും.

1400 വർഷങ്ങൾക്കു മുൻപ് യുദ്ധത്തിന് പുറപ്പെടുന്നതിനു മുൻപ് പടനായകനായ മുഹമ്മദ് നബി തന്റെ അനുയായികളോട് പറഞ്ഞു, "യുദ്ധത്തിൽ ഒരിക്കലും സ്ത്രീകളെയും കുട്ടികളെയും കൊല്ലരുത്, അവരെ ഒരുതരത്തിലും ഉപദ്രവിക്കരുത് " എന്നാൽ ഇത്തരം ഒരു ആഹ്വാനം നൽകാൻ ലോകത്തിന് നൂറ്റാണ്ടുകൾ കാത്തിരിക്കേണ്ടി വന്നു. ഐക്യരാഷ്ട്രസഭ പാസാക്കിയ യുദ്ധനിയമത്തിന്റെ നഗ്നമായ ലംഘനമാണ് ഫലസ്തീനിൽ നടന്നുകൊണ്ടിരിക്കുന്നത്.

പിഞ്ചുകുഞ്ഞുങ്ങളെ മാത്രം ലക്ഷ്യമിട്ടുകൊണ്ട് ഇസ്രയേൽ നടത്തിയ അതിഭീകരമായ ഗസ്സ ആക്രമണം ലോകയുദ്ധ ചരിത്രത്തിലെ അതിദാരുണമായ അധ്യായമാണ്.

ഒരു നഗരം മുഴുവൻ നശിപ്പിക്കാൻ ഒരു ടൺ ബോംബ് മതിയാകും. പക്ഷേ ആയിരക്കണക്കിന് പിഞ്ചുകുഞ്ഞുങ്ങളെ കൊന്നൊടുക്കാൻ നൂറുകണക്കിന് ബോംബാണ് അവർ വർഷിച്ചത്.

ശക്തരുടെ കടന്നാക്രമണങ്ങളെ ന്യായീകരിക്കുകയും ദുർബലരുടെ ചെറുത്തുനിൽപ്പിനെ ഭീകര പ്രവർത്തനമായി മുദ്രകുത്തുകയും ചെയ്യുന്ന പാശ്ചാത്യ ക്രൈസ്തവ വേദശാസ്ത്രം അംഗീകരിക്കുന്നില്ലെന്ന് ഫലസ്തീനിലെ ക്രൈസ്തവ സഭകൾ ഒറ്റക്കെട്ടായി ഉറക്കെ വിളിച്ചു പറയുന്നുണ്ട്. ക്രൈസ്തവർ ഉൾപ്പെടെ ആയിരക്കണക്കിന് തദ്ദേശീയർ പ്രാണരക്ഷാർത്ഥം അഭയം തേടിയ ഗസ്സയിലെ പുരാതന ചർച്ചിന് മേൽ ബോംബ് വർഷിച്ചു. സ്ത്രീകളും കുട്ടികളുമടങ്ങുന്ന നിരാലംബരായ മനുഷ്യരെ കൊന്നൊടുക്കിയ ഇസ്രായേൽ ഭീകരത അംഗീകരിക്കാനാവില്ലെന്ന് അവർ പറയുന്നു.

അവസാനത്തെ ഫലസ്തീനിയും മരിച്ചു വീഴുന്നത് വരെ അവർ കളിച്ചുകൊണ്ടിരിക്കും . അമേരിക്കയിലും ബ്രിട്ടനിലും മറ്റു രാജ്യങ്ങളിലും അരങ്ങേറുന്ന ഫലസ്തീൻ ഐക്യദാർഢ്യക്കാരുടെ പ്രകടനങ്ങൾ അവരെല്ലാം തെല്ലും അലോസരപ്പെടുത്തുന്നില്ല. ലോകത്ത് യുദ്ധങ്ങൾ ഉണ്ടാകേണ്ടത് ആയുധ നിർമ്മാതാക്കളായ ഇസ്രായേലിന്റെ ആവശ്യമാണ്. അതുണ്ടാകുന്നില്ലെങ്കിൽ അവർ ഫലസ്തീനിനെ ഉപയോഗിച്ചുകൊണ്ട് ലോകത്തെ പ്രകോപിപ്പിച്ചു കൊണ്ടിരിക്കും.




ഫലസ്തീൻ അധീനപ്പെടുത്തിക്കഴിഞ്ഞാൽ അവർ പുതിയ യുദ്ധമുന്നണികൾ തുറക്കും. ചരിത്രത്തിൽ അഹങ്കാരികളായ നിരവധി ഏകാധിപതികൾ കടന്നു പോയിട്ടുണ്ട്. അവരുടെയൊക്കെ ഭീകരമായ അന്ത്യം ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അയച്ചുവിടുന്ന ചരടുകൾ വലിക്കാൻ സ്രഷ്ടാവിന് ഒരു നിമിഷം മതി.അങ്ങനെയൊരു അപ്രതീക്ഷിത അന്ത്യം ഇസ്രായേലിനും കാത്തിരിപ്പുണ്ട്.




ഹഫ്സ ടി എൻ
9 D

# ARTIFICIAL INTELLIGENCE
# ( കൃത്രിമ ബുദ്ധി)



ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ കൃത്രിമ ബുദ്ധി എന്ന വാക്ക് യന്ത്രങ്ങളുടെ ബുദ്ധിയേയും അതുപോലെ അത് യാഥാർത്ഥ്യമാക്കാൻ ലക്ഷ്യമിട്ട കമ്പ്യൂട്ടർ ശാഖയെയും കുറിക്കാൻ ഉപയോഗിക്കുന്നു. ഇന്റലിജന്റ് ഏജന്റ്മാരുടെ പഠനമേഖലയാണ് എ ഐ ഗവേഷണം എന്ന് നിർവചിക്കപ്പെട്ടിട്ടുണ്ട്.അത് പരിസ്ഥിതിയെ മനസ്സിലാക്കുകയും അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്ന ഏതൊരു സംവിധാനത്തെയും സൂചിപ്പിക്കുന്നു. AI മനുഷ്യന്റെ ബുദ്ധിയെ അനുകരിക്കുന്ന യന്ത്രങ്ങളുടെയും സംവിധാനങ്ങളുടെയും സൃഷ്ടിയെ സൂചിപ്പിക്കുന്ന ഒരു വിശാലമായ പദമാണ്. യുക്തിസഹമായി ചിന്തിക്കുക, പഠിക്കുക, പ്രശ്നങ്ങൾ പരിഹരിക്കുക, തീരുമാനങ്ങൾ എടുക്കുക , ഭാഷ മനസ്സിലാക്കുക തുടങ്ങിയ കഴിവുകളുള്ള സംവിധാനങ്ങൾ വികസിപ്പിക്കുക എന്നതാണ് AI ഗവേഷണത്തിന്റെ ലക്ഷ്യം.

AI ചരിത്രം 1950 കളിൽ ഗണിത ശാസ്ത്രജ്ഞരും തത്വചിന്തകരും ചേർന്ന് ആരംഭിച്ചു.ആദ്യകാല AI പ്രോഗ്രാമുകൾ ലളിതമായിരുന്നെങ്കിലും,കമ്പ്യൂട്ടർ ശക്തിയും അൽഗോരിതം രൂപകൽപ്പനയിലെ പുരോഗതിയും കാരണം AI സാങ്കേതികവിദ്യ വളരെയധികം പുരോഗമിച്ചു.



ഇന്ന് AI യഥാർത്ഥ ലോകത്ത് വിവിധ രീതികളിൽ ഉപയോഗിക്കുന്നു. ചിലഉദാഹരണങ്ങൾ ഇവയാണ്.

**മെഡിക്കൽ Diagnois**

AI രോഗങ്ങൾ കൂടുതൽ കൃത്യമായി നിർണയിക്കാൻ ഡോക്ടർമാരെ സഹായിക്കുന്നു.

**സാമ്പത്തിക പ്രവചനം**

AI ഓഹരി വിപണിയിലെ ട്രെൻഡുകൾ പ്രവചിക്കാൻ സഹായിക്കുന്നു.



**സ്വയംഭരണ വാഹനങ്ങൾ**

AI സുരക്ഷിതവും കാര്യക്ഷമവുമായ സ്വയംഭരണ വാഹനങ്ങൾ വികസിപ്പിക്കാൻ സഹായിക്കുന്നു.

യന്ത്ര വിവർത്തനം

AI വ്യത്യസ്ത ഭാഷകൾ തമ്മിൽ കൃത്യമായി വിവർത്തനം ചെയ്യാൻ സഹായിക്കുന്നു.

കുട്ടികളുടെ പഠനത്തെ പലതരത്തിൽ സഹായിക്കാൻ സാധ്യതയുള്ള ഒരു ശക്തമായ ഉപകരണമാണ് AI.

ഒരോ കുട്ടിയുടെയും പഠന ശൈലിയും വേഗതയും വ്യത്യസ്തമാണ്. AI ഓരോ കുട്ടിക്കും അവരുടെ വ്യക്തിഗതാവശ്യങ്ങൾക്കനുസരിച്ച് പഠനം വ്യക്തിഗതമാക്കാൻ സഹായിക്കും. AI ട്യൂട്ടർമാർ പോലുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് കുട്ടികൾക്ക് അവർ പാടുപെടുന്ന വിഷയങ്ങളിൽ കൂടുതൽ സഹായം ലഭിക്കും.

AI ഗെയിമി ഫിക്കേഷൻ, ഇൻട്രാക്റ്റീവ് പഠനാനുഭവങ്ങൾ, എന്നിവ പോലുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പഠനം കൂടുതൽ ആകർഷകവും രസകരവും ആക്കാൻ സഹായിക്കും

AI ഡിസ്‌ലെക്സിയ പോലുള്ള പഠന വൈകല്യങ്ങൾ തിരിച്ചറിയാൻ സഹായിക്കും. ഇത് കുട്ടികൾക്ക് അവർക്ക് ആവശ്യമായ പ്രത്യേക പിന്തുണ നേരത്തെ ലഭിക്കാൻ സഹായിക്കും.

AI അധ്യാപകർക്ക് ഡാറ്റ ശേഖരിക്കാനും വിശകലനം ചെയ്യാനും, ഗ്രേഡിങ് ജോലികൾ ഓട്ടോമേറ്റ് ചെയ്യാനും, ഓരോ കുട്ടിക്കും വ്യക്തിഗതമാക്കിയ പഠന അനുഭവങ്ങൾ സൃഷ്ടിക്കാനും സഹായിക്കും.

AI യുടെ ഭാവി വളരെ വാഗ്ദാനപ്രദവും അനിശ്ചിതത്വം നിറഞ്ഞതുമാണ്. AI യുടെ ഉപയോഗത്തെക്കുറിച്ചുള്ള ചർച്ചകളിൽ ഏർപ്പെടുകയും ഈ ശക്തമായ സാങ്കേതികവിദ്യയുടെ ഭാവി രൂപപ്പെടുത്താൻ സഹായിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്.



ഫർസീന

9C

# അണ്ണാൻ



അണ്ണാൻ പഴം തിന്നും
അണ്ണാൻ പാൽ കുടിക്കും
അണ്ണാൻ കുഞ്ഞുങ്ങൾക്ക് പാൽ കൊടുക്കും
അണ്ണാൻ പ്രസവിക്കും
അണ്ണാന് നീണ്ട വാലുണ്ട്



അസ്വ ഫാത്തിമ
1 A

# യാത്ര



ഒരിക്കലും
അവസാനിക്കാത്തയെൻ
യാത്രയെക്കുറിച്ചാരും
ചോദിക്കേണ്ടതില്ലായെന്നോട്.
കണ്ടു ഞാൻ നിരവധി മുഖങ്ങൾ,
താളം തെറ്റിയ ജീവിതങ്ങൾ.
കണ്ടതിലേറെയും പൊയ്
മുഖങ്ങളാണെന്നാലും,
കണ്ടു ഞാൻ പച്ചയായ
ജീവിതത്തെ.
ക്രൂരത കാട്ടി നടക്കുന്നിതു
ചിലരെ –
ന്നാലോ, മറ്റുള്ളവർ
അതിനടിമകളും.
എന്നാൽ,
കഷ്ടപ്പാടും വിശപ്പും ദാഹവും
മരണവുമെല്ലാമായാത്രയുടെ
ഭാഗമെന്നാൽ....
ജീവിതമെന്ന യാത്ര യാന്ത്രിക–
മല്ലെന്നോർക്കുക.... കൂട്ടരേ...
ജീവിതമെന്ന യാത്രയിൽ താനോ –
റ്റക്കല്ലെന്ന സത്യം നാമറിഞ്ഞു കൊൾക.
സ്വന്തം മനസാക്ഷിയൊപ്പമുണ്ടെന്ന –
രോർമയിൽ തുടർന്നിടുകയീ
ഓരോ യാത്രയും!



നീരജ സി ആർ

അധ്യാപിക

# അറിവിലൂടെ വിജയം നേടാം

മനുഷ്യന് ജന്മസിദ്ധമായ കഴിവാണ് ജിജ്ഞാസ. പുതിയ അറിവ് ആർജിക്കാനുള്ള അടക്കാനാവാത്ത ത്വരയാണ് ജിജ്ഞാസ. ഇത് ചെറിയ കുട്ടികളിൽ പ്രകടമായി നമുക്ക് കാണാൻ സാധിക്കും. ജിജ്ഞാസ ഒരു പേശി പോലെയാണ് ഉപയോഗിക്കുന്തോറും അതിന്റെ ശക്തി വർദ്ധിക്കും ഉപയോഗിക്കാതിരുന്നാൽ ശോഷിച്ച് പോകും. ജിജ്ഞാസ അറിവ് അന്വേഷണത്തിനുള്ള മനസ്സാണ്.


(Curiosity is a mind in search for knowledge)

നൂറ്റമ്പത് വർഷം മുമ്പ് കാർഷിക സമ്പത്ത് വ്യവസ്ഥയും (Agriculture economy) നൂറ് വർഷമായപ്പോഴേക്കും വ്യാവസായിക സമ്പത്ത് വ്യവസ്ഥയും( Industrial economy)എന്നാൽ ഇന്ന് അറിവിൻറെ സാമ്പത്തിക വ്യവസ്ഥയുമായി (knowledge economy) മാറിയിരിക്കുന്നു. സമൂഹത്തിലെ സ്ഥാനവും, മാനവും അന്തസ്സും അറിവിൻറെ അടിസ്ഥാനത്തിലായി മാറിയിരിക്കുന്നു. ഇന്ന് അറിവ് സാമൂഹ്യമായി മാറിയിരിക്കുന്നു. അറിവിന്റെ നിർമ്മാണം നടക്കുന്നു. വ്യക്തിപരമായി അറിവ് നേടണം. അതിന് അന്വേഷണ ത്വര ഉണ്ടാകണം. ജ്ഞാനത്തെ കുറിച്ചുള്ള പഠനമാണ് വിജ്ഞാന ശാസ്ത്രം ( Epistemology). വിജ്ഞാനശാസ്ത്രം അറിവിനെ നിർവചിക്കുന്നത് ഇങ്ങനെയാണ് "ഒരു വസ്തു, പ്രതിഭാസം, പ്രക്രിയ, വിഷയം എന്നിവയെക്കുറിച്ച് അനുഭവത്തിലൂടെയോ പഠനത്തിലൂടെയോ ഉണ്ടാകുന്ന പരിചയമാണ്." ഇതിൽ അറിവിൻറെ സ്വഭാവം, അറിവിൻറെ ഉറവിടം, അറിവിന്റെ പരിധി, അറിവിന്റെ വിശ്വാസത പ്രധാനമാണ്. അറിവ് നേടാൻ പ്രധാനമായും മൂന്ന് മാർഗങ്ങളാണ് ഉപയോഗിക്കുന്നത്.

ഒന്ന് കുറ്റമറ്റ പഞ്ചേന്ദ്രിയം

രണ്ട് ബുദ്ധി

മൂന്ന് സത്യസന്ധമായ വാർത്ത (വായന).



കുറ്റമറ്റ പഞ്ചേന്ദ്രിയങ്ങളിലൂടെയാണ് അറിവ് ആർജിക്കുന്നത്. പലപ്പോഴും കണ്ടറിയലും,മണത്തറിയലും, കേട്ടറിയലും, രുചിച്ചറിയലും,സ്പർശിച്ചറിയലും ഉണ്ടാകും.(sight, smell, hearing, taste, and touch)
ലോകത്തെക്കുറിച്ചുള്ള അറിവിൻ്റെ ഒരു പ്രധാന ഉറവിടമാണ് ഇന്ദ്രിയങ്ങൾ; യാഥാർത്ഥ്യത്തെ നിഷ്ക്രിയമായി പ്രതിഫലിപ്പിക്കുന്നതിനുപകരം, അവ യാഥാർത്ഥ്യത്തെ സജീവമായി രൂപപ്പെടുത്തുന്നു. അഞ്ച് ഇന്ദ്രിയങ്ങൾ - കാഴ്ച, രുചി, സ്പർശനം, കേൾവി, മണം - നമ്മുടെ പരിസ്ഥിതിയെക്കുറിച്ചുള്ള വിവരങ്ങൾ മസ്തിഷ്കം വ്യാഖ്യാനിക്കുന്നു. മുമ്പത്തെ അനുഭവത്തെയും (തുടർന്നുള്ള പഠനത്തെയും) അടിസ്ഥാനമാക്കിയും ഓരോ ഇന്ദ്രിയങ്ങളിൽ നിന്നുമുള്ള വിവരങ്ങളുടെ സംയോജനത്തിലൂടെയും ഈ വിവരങ്ങൾ മനസ്സിലാക്കുന്നു.

അറിവിൻറെ നിർമ്മാണം നടക്കുന്നത് മനനത്തിലൂടെയാണ്. യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് അനുഭവങ്ങളുടെയും, തുടർപഠനങ്ങളുടെയും അടിസ്ഥാനത്തിലാണ് ബുദ്ധി ഉപയോഗിച്ച് മനനം നടത്തുന്നത്. ബുദ്ധിയുടെ ഉപയോഗത്തിലൂടെയാണ് ബോധ്യങ്ങളും, തിരിച്ചറിവുകളും നേടുന്നത്.

സത്യസന്ധമായ വാർത്തകൾ, യാഥാർത്ഥ്യങ്ങൾ,അറിവുകൾ എന്നിവ ലഭിക്കുക വായനയിലൂടെയാണ്. വായന അറിവിലേക്കുള്ള വാതായനങ്ങൾ തുറക്കും. വായന ഒരാളെ പരിപൂർണ്ണൻ ആക്കുന്നു എന്ന് പറഞ്ഞത് ഫ്രാൻസിസ് ബേക്കണ് ആണ്. വായന ചിലർക്കൊരു വിനോദവും മറ്റു ചിലർക്ക് ലഹരിയുമാണ്. പല കാലത്തിലൂടെ പല രാജ്യങ്ങളിലൂടെ പല സംസ്കാരങ്ങളിലൂടെ പല ജീവിതരീതികളിലൂടെ അവരുടെ അനുഭവങ്ങളിലൂടെ ചിന്തകളിലൂടെ പറന്നു തീർക്കാനുള്ള അത്ഭുത സൂത്രമാണ് വായന. പുസ്തകങ്ങൾ വായിക്കുന്നതുപോലെ ചുറ്റുപാടുകളെയും, പ്രകൃതിയെയും, മനുഷ്യനെയും വായിക്കാം. വായനയുടെ അഭാവം നമ്മിൽ ഇരുട്ടാണ് നിറക്കുന്നത്. അത് നമ്മുടെ വളർച്ചയെ മുരടിപ്പിക്കും. മഹത്തായ എഴുത്തിന്റെ വിത്തുകൾ മുളപ്പിക്കുന്ന ഫലഭൂവിഷ്ഠമായ മണ്ണ് ആണ് വായന. (Reading is the fertile soil from which the seeds of great writing sprout)

വായന ഒരു യാത്രയാണ് നമുക്ക് പരിചയമില്ലാത്ത രാജ്യങ്ങളിലൂടെ, പട്ടണങ്ങളിലൂടെ, ഗ്രാമങ്ങളിലൂടെയുള്ള യാത്ര. തെക്കൻ അമേരിക്കക്കാരനായ ഗബ്രിയേൽ ഗാർഷ്യ മാർക്കേഴ്സിൻ്റെ ഏകാന്തതയുടെ 100 വർഷങ്ങൾ (One hundred years of solitude) വായനക്കാരനെ മാക്കണ്ട ഗ്രാമത്തിലൂടെയും, അവിടുത്തെ മനുഷ്യരുടെ മനസ്സിലൂടെയും, സംസ്കാരത്തിലൂടെയും യാത്ര ചെയ്യിപ്പിക്കുകയാണ്. എന്തിനധികം മലയാളികൾക്ക് കുട്ടനാടിനെ കൂടുതൽ അടുത്തറിഞ്ഞത് തകഴിയുടെ ചെമ്മീനിലൂടയാണ്.പല പുസ്തകങ്ങളും വായനക്കാരനെ ശുദ്ധീകരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നു. അറിവിനെ രണ്ട് രീതിയിൽ നമുക്ക് കാണാം.

ഒന്ന് പഠന മാർഗത്തിലൂടെ ആർജിച്ച് എടുക്കുന്ന വിജ്ഞാനം അതിനെ നാം അക്കാദമിക് അറിവ് (academic knowledge) എന്ന് പറയും അത് നേടിയതിന്റെ തെളിവുകളാണ് സർട്ടിഫിക്കറ്റുകൾ.

രണ്ട് പ്രായോഗികമായ അറിവ് (practical knowledge)അത് അനുഭവങ്ങളിലൂടെയും പരിചയത്തിലൂടെയും നേടിയെടുത്തുന്നതാണ്.



പരന്ന വായനയോടൊപ്പം ആഴമേറിയ വായനയും വേണം. വിദ്യാർഥികൾക്ക് ക്ലാസ് മുറിയുടെ നാല് ചുവരുകൾക്ക് പുറത്തേക്ക് സഞ്ചരിക്കുവാനുള്ള വഴിയാണ് വായന. (Reading is a way for students to move outside the four walls of the classroom).മനസ്സിൻറെ ആരോഗ്യത്തിനും, ബുദ്ധിയുടെ വികാസത്തിനും, ഹൃദയത്തിൻറെ നൈർമല്യത്തിനും സഹായിക്കുന്ന ഒന്നാണ് പുസ്തകങ്ങൾ. പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പ് വളരെ പ്രധാനം അർഹിക്കുന്നതാണ്.ജീവചരിത്ര ഗ്രന്ഥങ്ങളും, ആത്മകഥകളും വായിച്ചാൽ ജീവിതപാഠങ്ങളും, പ്രചോദനവും നമുക്ക് ലഭിക്കും. നേടുന്ന അറിവുകൾ മനനത്തിലൂടെ തിരിച്ചറിവായി ലോകത്തിന് തിരിച്ച് കൊടുക്കണം.സാമ്പത്തിക ഭദ്രതയും, സാമൂഹിക അന്തസ്സും, ജീവിതവിജയവും നേടിത്തരുന്ന ഒന്നാണ് അറിവ്.



**ആസിഫ് കെ ഇബ്രാഹിം**

**അധ്യാപകൻ**

# പ്രതീക്ഷ

ചരിത്രത്തിന്റെ താളുകളിലമരാൻ
ആ പകൽക്കൂടി മരിച്ചു കഴിഞ്ഞിരുന്നു
രാവിൻ നിലാവെളിച്ചം രക്തത്താൽ തളം കെട്ടിയ
ആ രണാങ്കണത്തിൽ ഒരു നേട്ടുവീർപ്പോടെ അമർന്നു

ആ ദിവസവും കുഞ്ഞുങ്ങൾ കരിഞ്ഞിരുന്നു,
വെടിയേറ്റ് മരിച്ചു വീണിരുന്നു,
തലയറ്റ ശരീരങ്ങൾക്ക് അവർ കാവലിരുന്നിരുന്നു...
ഹൃദയം തകർക്കുന്ന കാഴ്ച്ചകൾക്ക് സാക്ഷ്യം വഹിച്ചിരുന്നു
കൈകൾ ഉയർത്തി അവർ
പ്രാത്ഥിച്ചിരുന്നു..
പ്രതീക്ഷകളെല്ലാം
ചോരയായി
ചേർന്നൊലിക്കുന്നത്
നിസ്സഹായരായി
കണ്ടുകൊണ്ടിരുന്നു
എങ്കിലും 'നാളെ'
എല്ലാം നിന്നിലേക്ക്
സമർപ്പിച്ചുകൊണ്ട്
അങ്ങയോട് യാചിക്കുകയാണ്..
നാളെയുടെ പ്രകാശം ഇവിടെ
പരക്കുമ്പോൾ
ഇതിനൊരന്ത്യം അങ്ങ് കുറിക്കുക...
കുരുന്നുപ്രാർത്ഥനകൾക്ക് അങ്ങ് ഉത്തരം നൽകുക...
സമാധാനത്തിന്റെ വെള്ളരി പ്രാവുകൾക്ക് പറക്കാൻ
ഇവിടം ഒരു ഇടം നൽകുക..
ഈ മരവിച്ച ഭൂമിക്കും ആ മനുഷ്യർക്കും
അങ്ങ് തിരിച്ചും ജീവൻ പകരുക...
ഇത് ഞാനെന്ന വ്യക്തിയുടെ മാത്രം
പ്രതീക്ഷയോ പ്രാർത്ഥനയോ അല്ല
ഇതൊരു പ്രപഞ്ചത്തിന്റെ തന്നെ
പ്രതീക്ഷയാണ്...





റുമൈസ പി എം

9 C

# हार न मानने वाला


यह कहानी एक ऐसे छात्र की है जो कभी किसी चीज में हार नहीं मानता। कहानी उस दिन शुरू होती है जब वह अपने घर से दूर एक नए स्कूल में दाखिला लेता है।



वह सुहानी सुबह थी, जब वह उठा तो उसके चेहरे पर ख़ुशी का भाव था जैसे कि वह एक नए स्कूल में जा रहा हो। तैयार होने के बाद, वह अपनी बस पकड़ने के लिए भागा क्योंकि उसे स्कूल के लिए देर हो गई थी। जब वह स्कूल पहुंचा तो कक्षा में शानदार इमारतें देखकर वह रोमांचित हो गया। स्कूल हॉल में उनका स्वागत समारोह था। वह वहीं बैठ गया और दूसरों का अभिवादन कर रहा था।
उसने कुछ दोस्त बनाये, वह उनसे स्पीकर की तेज़ आवाज़ के रूप में बात कर रहा था। जब उन्होंने देखा तो उन्हें चश्मा पहने एक सुंदर लड़की अपने दोस्तों से बात करते हुए मुस्कुराती हुई दिखाई दी। वह दूसरी ओर नहीं देख सकता क्योंकि उसकी एक खास बात ने उसे अन्य लड़कियों की तुलना में आकर्षित किया। वह समझ नहीं पा रहा था कि ऐसा क्यों, क्योंकि यह उसे पहली बार महसूस हो रहा था। वहां उसके नए दोस्त इस अहसास को पहले से जानते थे इसलिए उन्होंने उसे बताया कि यह पहली नजर का प्यार था।

इतने में प्रिंसिपल आ गये और स्कूल और खेल के बारे में बताने लगे। सब कुछ के बाद वह और उसके नए दोस्त पहली बार अपनी कक्षा में लौटे। लेकिन वह अपने क्रश को उनके प्रति आकर्षित नहीं कर सका। इंटरवल में पता चला कि उनका क्रश उनका सीनियर है। उसे जरा भी डर नहीं लगा और उसने सीधे उससे बात की और कबूल कर लिया, उसने कुछ कहने को कहा। यह सब अन्य वरिष्ठों ने देखा, जिन्होंने उसे पसंद किया और उसे अपना निशाना बनाया।

अगले दिन सीनियर्स उसकी तलाश कर रहे थे लेकिन दुर्भाग्य से उसके दोस्तों को पकड़ लिया गया और जब वे पिट रहे थे तो हीरो आ गया और वह उनके लिए खड़ा हो गया। उसने उन्हें बचाने के लिए अपनी शानदार चाल चली, उसने दौड़ते हुए कहा 'प्रिंसिपल आ रहे हैं' सीनियर्स वहां से भाग गए। वह समझता है कि वह वरिष्ठों का निशाना था क्योंकि वह जानता है कि वह नहीं चाहता कि उसके दोस्त मुसीबत में पड़ें, इसलिए उसने उनसे कहा कि वे उसे अकेला छोड़ दें ताकि वे दोबारा इसमें शामिल न हों। उसने जो दोस्त बनाए वे अच्छे थे, वे जानते थे कि आगे क्या करना है। अगले दिन उसके लिए कठिन थे, वह कठोर रैगिंग से गुजरना चाहता था लेकिन उसने स्कूल जाना नहीं छोड़ा क्योंकि उसके पास सहयोगी दोस्त और कभी हार न मानने वाला दिमाग था। वह दिन आता है जब उसकी सीनियर क्रश जवाब देती है...वह भी उसे पसंद करती है।



हमारा हीरो ढह गया क्योंकि उसने कभी इसकी उम्मीद नहीं की थी और यह उसका पहली बार था। वरिष्ठों ने यह खबर सुनी और इस पर क्रोधित हुए और उन्होंने उसका पीछा किया, वह भागा और भागा और अंत में आ गया, यह उसके लिए अंत जैसा था। वह ऐसे व्यक्ति हैं जो कभी हार नहीं मानते। उसने जितना हो सके संघर्ष किया, उसके दोस्त उसकी मदद के लिए आए, अंत में ज्वार बदल गया, उसने उनसे कहा कि चलो इसे यहीं खत्म कर दें और दोस्त बन जाएं क्योंकि वे मना कर रहे थे, उसने फिर से कोशिश की, वे सहमत हो गए। उसके बाकी स्कूली जीवन में यह स्वर्ग जैसा था, पढ़ाई में नहीं बल्कि हीरो और उसके दोस्तों ने इसका आनंद लिया। जहाँ तक उनके प्रेम जीवन की बात है तो यह जारी रहा क्योंकि वे एक-दूसरे को उपहार देते थे और रोज़ मिलते थे।

कहानी से सीख: अच्छे दोस्त अच्छे रास्ते दिखाते हैं और कभी हार न मानने का रवैया आपको कुछ भी दिला सकता है।

നിവേദ് സിബി

9 E



# UNEXPECTED RAIN
# A MOMENT OF REFLECTION

It was a normal day for me. Teaching begins in the morning itself. Classes were taught in the English language alternately. I felt happy when the bell rang in the evening. Now way to home. As a teacher I was on my way back from school. when it suddenly started raining and caught in a sudden downpour on my way home from school. I sought refuge in a nearby cafe. The cosy atmosphere and the scent of coffee greeted me as I ordered a hot coffee, watching rain drops race down the window, I marveled at how this unexpected rain had transformed as an ordinary day. Inside I observed others seeking shelter, reading books or chatting mobiles.As the rain eased, I sipped my hot coffee to appreciate life's surprise with a smile. I left ready to continue my journey home with a new found gratitude.





ആസിഫ് കെ ഇബ്രാഹീം

അധ്യാപകൻ

# പ്രിയോർമാങ്ങ

മുറ്റത്തെ പ്രിയോർമാവ് ഒരു വൻ മരമായി മാറിയിരിക്കുന്നു. പതിവിനു വിപരീതമായി രണ്ടുമൂന്നു തവണയായി എല്ലാ കൊല്ലവും പൂക്കും കായ്ക്കും. പുഴുക്കളും കുറവാണ്. മൂത്തുകഴിഞ്ഞാൽ കാർത്തികേയൻ ചേട്ടൻ വന്ന് കയറി, കയറുകെട്ടി വലക്കൊട്ടയിൽ ശേഖരിച്ച് മാങ്ങകൾ താഴെയിറക്കും.



കൂലി മാങ്ങകൾ തന്നെ. 50/50 അതായത് ഉടമക്കും പണിക്കാരനും പപ്പാതി.പഴുക്കണേനുമുന്നേ ബന്ധുക്കൾക്കും അയൽവാസികൾക്കും പങ്കെത്തിക്കും. ബാക്കി, ജ്യൂസടിച്ചും സ്ഥിരം പ്രാതലായ പുട്ടിനോട് കുഴച്ചും തീരും.

പല ഘട്ടങ്ങളായി പൂക്കണോണ്ട് എല്ലാം ഒന്നിച്ചു മൂക്കില്ല.കാക്കകൾക്കും അണ്ണാന്മാർക്കും കിളികൾക്കും വേണ്ടത് കിട്ടും. ഏറെ മുകളിലെ കൊമ്പുകളിലുള്ളത് പലതും കിട്ടാറില്ലായെന്നുതന്നെ പറയാം.

ഒരു കൊല്ലം, 'കാർത്തികേയ താഡനം' കഴിഞ്ഞിരിക്കണ നേരം. സ്റ്റോർമുറിയിൽ പത്തമ്പത് പ്രിയോർമാങ്ങകൾ സൗരഭ്യം പരത്തി പുട്ടുകളോടലിഞ്ഞുചേരാൻ വെമ്പിയിരിക്കണ സമയത്താണ് സൈക്കിളിൽ തലയിലൊരു കെട്ടുംകെട്ടി അയാൾ ഉമ്മറത്ത് പ്രത്യക്ഷപ്പെട്ടത്.

"മാങ്ങ കൊടുക്കണ്ണ്ടോ മാഷേ..." അയാൾ.

"പറിച്ചു കഴിഞ്ഞല്ലോ.." ഞാൻ

"മുകളിലെ കൊമ്പുകളിലുള്ളത്...." അയാൾ.

താഴേന്ന് മേലോട്ടു നോക്കുമ്പോൾ കാണാവുന്ന പത്തോ പതിനഞ്ചോ മാങ്ങകളുടെ കാര്യമാണ് ടിയാൻ ചോദിക്കണത്.

"പറിച്ചോളൂ....എന്തു തരും?" ഞാൻ.

"അധികമൊന്നുമില്ലാലോ....ഒരു 200 ഉറുപ്പിക തരാം"

മോശമല്ലല്ലോയെന്ന് തോന്നിത്തുടങ്ങിപ്പളേക്കും മുണ്ടുപൊക്കി വരയൻ കളസത്തിന്റെ പോക്കറ്റീന്ന് രണ്ടു നൂറിന്റെ നോട്ടുകൾ കയ്യിൽ പിടിപ്പിച്ചു.
ഒരഭ്യാസീടെ പാടവത്തോടെ കയർകുട്ടയുമായി കാർത്തികേയ കാലടികളെത്താത്ത കൊമ്പുകളിലേക്ക് അയാൾ കയറിപ്പോയി.
കുട്ട പലവട്ടം താണിറങ്ങി. ഓരോതവണയും അമ്പതോളം മുഴുത്ത മാങ്ങകൾ ഞാൻ തന്നെ താഴെ നിരത്തിവച്ചു. രണ്ടോ മൂന്നോ മണിക്കൂറിനുശേഷം ടിയാൻ താഴെ. വലിയ രണ്ടു മൂന്നു ചാക്കുകൾ നിറയെ മാങ്ങകളുമായി നിറചിരി സമ്മാനിച്ച് സൈക്കിളിലേറി യാത്രയായി. എണ്ണൂറിലധികം മാങ്ങകൾ ഞാൻതന്നെ എണ്ണിയിരുന്നു!

മൂന്നോ നാലോ ദിവസം കഴിഞ്ഞ്, വീട്ടിലെ മാങ്ങാശേഖരമൊക്കെ കാലിയായ സമയത്ത് ഏതോ വിരുന്നുകാർക്ക് ജ്യൂസടിക്കാൻ ഫ്രൂട്ട് തേടി ജമാൽക്കാടെ കടയിലെത്തി. നല്ല മൂത്തുപഴുത്ത നാടൻ പ്രിയോർമാങ്ങ 50 രൂപ കിലോക്ക് തരാമെന്നും അടുത്തെവിടെയോ ഉണ്ടായതാണെന്നും ഇത്ര നല്ല മാങ്ങകൾ അടുത്ത കാലത്ത് വിറ്റിട്ടില്ലെന്ന് മൂപ്പർ. നാലുകിലോ, പത്ത് പന്ത്രണ്ട് മാങ്ങകൾ 200 രൂപ കൊടുത്ത് വാങ്ങിക്കൊണ്ടുവരുമ്പോൾ മുകളിലെ കൊമ്പുകളിലുണ്ടായ ആകെ മാങ്ങകളുടെ മൂല്യം എത്ര യെന്ന കണക്ക് നിർദ്ധാരണം ചെയ്യാനാകാതെ കുഴങ്ങുകയായിരുന്നു ഈ കണക്കുമാഷ്.



**വി കെ നിസാർ**

മുൻ വൈസ് പ്രിൻസിപ്പൽ

# തേങ്ങ

ഒരു ദിവസം മിന്നു എന്ന കുട്ടി ഒരു തെങ്ങ് നട്ടു.



ആ തെങ്ങ് നന്നായിട്ട് വലിപ്പം വച്ചു. കുറെ ദിവസം കഴിഞ്ഞപ്പോൾ തേങ്ങയും ഉണ്ടായി. അപ്പുറത്ത തേങ്ങയും ഇപ്പുറത്തെ തേങ്ങയും തമ്മിൽ ഒരു സംസാരം നടന്നു.. എന്താണെന്നറിയാമോ? അപ്പുറത്തെ തേങ്ങ പറഞ്ഞു. "നിന്നെ ആയിരിക്കും മിന്നുവിന്റെ അച്ഛൻ തെങ്ങിൽ നിന്ന് ആദ്യം പറിച്ചെടുക്കുക." കുറെ ദിവസങ്ങൾക്ക് ശേഷം അപ്പുറത്തെ തേങ്ങ തടി വെച്ചു. ഒരു ദിവസം വൈകുന്നേരം മിന്നുവിന്റെ അച്ഛൻ തേങ്ങ പറിക്കാനായി തോട്ടിയും എടുത്ത് തെങ്ങിന്റെ അടുത്തുപോയി. അച്ഛൻ മിന്നുവിന്റെ അടുത്ത് ചോദിച്ചു. "മിന്നു .. ഇതിൽ ഏതാണ് തടി വച്ചത്. "അച്ഛാച്ച അപ്പുറത്ത തേങ്ങയാണ് തടി വെച്ചത്." അച്ഛൻ അപ്പുറത്തെ തേങ്ങ തന്നെ പറിച്ചു.

---- ഗുണപാഠം ----------

ഇതാണ് പറഞ്ഞത് കൂട്ടുകാരെ നമ്മൾ മറ്റുള്ളവരെ സംശയിച്ചാൽ നമ്മുടെ ജീവൻ തന്നെ അപകടത്തിൽ പെടും.



കൃഷ്ണാനന്ദ പി ബി

3c

# നമ്മുടെ കേരളം

കേരള നാട് നമ്മുടെ നാട്
പച്ചക്കാടുകൾ നിറഞ്ഞുനിൽക്കും
നമ്മുടെ നാട് ഇത് കേരളനാട്
കുന്നുകൾ മലകൾ മലഞ്ചെരുവുകൾ
ഉള്ളൊരു നാട്
സുഖമേറും കാലാവസ്ഥയാൽ
അനുഗ്രഹിച്ചൊരു നാട്
കേരള നാട് നമ്മുടെ നാട്
പച്ചക്കാടുകൾ നിറഞ്ഞു നിൽക്കും
നമ്മുടെ നാട് ഇത് കേരള നാട്
ദൈവത്തിന്റെ സ്വന്തം നാട്
കേരളനാട് ഇത് നല്ലൊരു നാട്







ബാസില ബത്തൂൽ

5 A

# എന്നിലെ ഞാൻ

ഏഴാം ക്ലാസ്സിൽ പഠിക്കുന്ന ഒരു സാധാരണ കുട്ടിയാണ് "ആരവ്".അവൻ ഒരു സാധാരണ കുട്ടിയാണെങ്കിലും കവിത എഴുതുന്നതിൽ അവൻ ഒരു മിടുക്കൻ ആയിരുന്നു.എന്നാൽ അവന്റെ കഴിവ് ആരും അംഗീകരിച്ചില്ല.ഒരു പിന്തുണ ഇല്ലാത്തതുകൊണ്ട് അവന്റെ കഴിവ് ഒളിഞ്ഞു കിടന്നു. എന്നാൽ അവന്റെ എളിമയും സ്നേഹവും കണ്ടു ഒരു പെൺകുട്ടി അവനെ ഒളിച്ച് നിരീക്ഷിച്ചു. പല പല സന്ദർഭങ്ങളിൽ അവൾ അവന്റെ ഒളിഞ്ഞു കിടക്കുന്ന കഴിവ് കണ്ടുപിടിച്ചു. അവൾ വിചാരിച്ചു "എനിക്ക് പ്രത്യേകിച്ച് കഴിവ് ഒന്നും ഇല്ല, പക്ഷെ കഴിവ് ഉള്ളവരെ ഞാൻ അത് പ്രോത്സാഹിപ്പിക്കാൻ സഹായിക്കും ". അവൾ ആരവിന്റെ അടുത്ത് പതിയെ ഇടപഴകാൻ തുടങ്ങി. ആരവ് അവളെ ആദ്യമായാണ് കാണുന്നത്.

അവർ സംസാരിക്കാൻ തുടങ്ങിയപ്പോൾ അവൾ അവന്റെ കഴിവുകളെ കുറിച്ച് പറഞ്ഞു,അവൻ മറുപടി ഒന്നും പറയാതിരുന്നപ്പോൾ അവൾ പിന്നെ കാണാം എന്ന് പറഞ്ഞിട്ട് പോയി. അവൾ വിചാരിച്ചു അത് പറഞ്ഞപ്പോൾ അവനു വിഷമമായി എന്ന്. എന്നാൽ അവൻ വിചാരിച്ചതു മറ്റൊന്നാണ്, "അവൾ തന്നെ കുറിച്ച് വേറാരും അന്വേഷിക്കാത്ത കാര്യം എന്തിനാണ് ചോദിച്ചത് ". എന്നാൽ അതിനേക്കാൾ അവന്റെ മനസിനെ അതിനേക്കാൾ അലട്ടിയതു മറ്റൊന്നാണ് . ഇത്രയും കാര്യങ്ങൾ അവൾ അന്വേഷിച്ചിട്ട് അവളുടെ പേര് പോലും അവൻ ചോദിച്ചില്ല!. പിറ്റേന്ന് അവളെ കണ്ടപ്പോൾ അവൻ ചോദിച്ചു " തന്റെ പേര് എന്താ ".അവൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു "മൃദുല". കുറെ നാളുകൾ കഴിഞ്ഞു, അവർ ഇപ്പോൾ വലിയ കൂട്ടുകാരാണ്. നാളുകൾ കഴിയും തോറും അവൾ അവന്റെ കഴിവ് പുലർത്തി പുലർത്തി കൊണ്ടുവന്നു.



പതിയെ അവരുടെ സൗഹൃദം അവർ പോലും അറിയാതെ പ്രണയം ആയി മാറി. ഒരു മാസം കഴിഞ്ഞപ്പോൾ സ്കൂൾ ടൂറിനായി അവർ പുറപ്പെട്ടു. പാർക്കിലും ഹോട്ടലിലിയും എല്ലാം അവർ ഒരുമിച്ച ആസ്വദിച്ച നടന്നു.അവൾ പലപ്പോഴും അവന്റെ അടുത്ത് പറയും "ഞാൻ ഇല്ലെങ്കിലും നീ നിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരണം ". അവർ യാത്ര കഴിഞ്ഞു മടങ്ങി വരുന്ന സമയത്ത്‌ അവൾ പറഞ്ഞു "ഞാൻ ഇല്ലെങ്കിലും നീ നിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരണം " അത് പറഞ്ഞു തീർന്നതും അവർ സ്കൂളിൽ എത്തി അവർക്ക് കുറച്ച നേരം കൂടി സംസാരിക്കണം എന്ന് തോന്നി. പക്ഷെ അവർ അവിടെ വെച്ച് പിരിയേണ്ടി വന്നു.

അങ്ങനെ അവസാനം അവൻ നല്ല ഒരു കവിത എഴുതി അല്ല വളരെ നല്ലൊരു കവിത എഴുതി.അതിനു വേണ്ട എല്ലാ പിന്തുണയും അവൾ അവനു നൽകി. അവന്റെ കവിത പ്രസിദ്ധികരിക്കാനുള്ള തിയതി വന്നു. "കവിതകളുടെ നദി" എന്നാണ് ആ പുസ്തകത്തിന്റെ പേര്. ഒരു പുസ്തകത്തിന് 60 രൂപ വില. അവസാനം അവനു ഒരു പുരസ്കാരം കിട്ടി, അപ്പോഴും താൻ തന്റെ സഖിയെ മറന്നില്ല. അവനു മറ്റാരും തരാത്ത പ്രചോദനം അവളിൽ നിന്ന് ലഭിച്ചു.

"നമ്മുടെ ജീവിതത്തിൽ നമ്മളെ അവഗണിക്കാൻ നൂറുകണക്കിന് ആളുകൾ ഉണ്ടാവും എന്നാൽ നമ്മളെ പ്രോചോദിപ്പിക്കാൻ വളരെ കുറച്ച ആളുകൾ മാത്രമേ ഉണ്ടാകൂ "





ശിവകുമാർ കെ എസ്

9 C

# അമ്മാവനും നക്ഷത്ര കുട്ടികളും



അമ്മാവാ അമ്മാവാ...
ഞങ്ങൾ നക്ഷത്ര കുട്ടികൾക്ക് ഒരു സംശയം...
എന്താ കുഞ്ഞേ ഈ ഭൂമി എങ്ങനെയാണ്?
ഞാൻ ഒരു കവിത ചൊല്ലിത്തരാം..
ശരി അമ്മാവാ
പാടത്തും വയലിലും വീടുകളായി
പുഴയും അരുവിയും കാണാതായി തോടുകളും വറ്റിവരണ്ടിട്ട്
മീനുകൾ ഒന്നടങ്കം പോയി മറഞ്ഞു കളിവഞ്ചി ഒഴുക്കേണ്ട കുഞ്ഞി കയ്യിൽ ഫോണും
ലാപ്ടോപ്പും മാത്രമായി
കതിരുള്ള കാലവും മഴയുള്ള കാലവും എങ്ങോ പോയി മറഞ്ഞു
മക്കൾക്ക് മനസ്സിലായില്ലേ
മനസ്സിലായി മുത്തശ്ശാ
അതെന്താ പതിവില്ലാതെ
ഒരു മുത്തശ്ശൻ വിളി
ഞങ്ങൾ ആദ്യം മുത്തശ്ശാ എന്നല്ലേ വിളിച്ചിരുന്നത്....ഭൂമിയിലെ വിളി കേട്ടല്ലേ ഞങ്ങൾ
അമ്മാവാ എന്ന് വിളിച്ച് തുടങ്ങിയത്
ഇനി ഞങ്ങൾ അവരെ പോലെ ആവുന്നില്ല അതാ
നല്ല തീരുമാനം മക്കളെ



അമേയകൃഷ്ണ വി എം

6 B

# കൂട്ടുകാരി



ചിന്നു പുതിയ വിദ്യാലയത്തിലേക്ക് പോവുകയാണ്. പഴയ വിദ്യാലയത്തിലെ കൂട്ടുകാരോട് എല്ലാം യാത്ര പറഞ്ഞ് അവൾ ഇറങ്ങി.നാളെ മുതൽ പുതിയ വിദ്യാലയത്തിലേക്കാണ് പോവുന്നത്.

പുതിയ വിദ്യാലയത്തിലെ ആദ്യത്തെ ദിവസം അവൾക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല.കാരണം അവൾക്ക് ഒരു കൂട്ടുകാരിയെ പോലും കിട്ടിയില്ല. അങ്ങനെ വിഷമത്തോടെയാണ് അവൾ വീട്ടിലേക്ക് മടങ്ങിവന്നത്. അമ്മ ചോദിച്ചു "മോളെ , നിനക്ക് കൂട്ടുകാരിയെ കിട്ടിയോ?" "ഇല്ല"അവൾ പറഞ്ഞു. "അത് സാരമില്ല,നിനക്ക് താമസിയാതെ നല്ല കൂട്ടുകാരെ കിട്ടും". പിറ്റേ ദിവസവും അവൾക്ക് പ്രത്യേകിച്ച് ഒരു മാറ്റവും തോന്നിയില്ല. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവൾക്ക് വിഷമമായി .

അങ്ങനെ ഒരു ദിവസം അവൾ ക്ലാസിൽ വിഷമിച്ചിരിക്കുമ്പോൾ മിന്നു വന്നു അവളോട് ചോദിച്ചു. "എന്താണ് വിഷമിച്ചിരിക്കുന്നത്?" "എനിക്ക് ഒരു കൂട്ടുകാരും ഇല്ല" ചിന്നു വിഷമത്തോടെ പറഞ്ഞു. "അതിനെന്താ നമുക്ക് കൂട്ടുകാരികളാവാം" മിന്നു പറഞ്ഞു.അവൾക്ക് സന്തോഷമായി. പിറ്റേ ദിവസം മുതൽ ചിന്നുവിന് സ്കൂളിൽ പോകാൻ നല്ല ഉത്സാഹമായിരുന്നു. മിന്നു നല്ല കൂട്ടുകാരിയായിരുന്നു.

അങ്ങനെ ഇരിക്കേ ഒരു ദിവസം പാറു എന്ന് പേരുള്ള ഒരു പുതിയ വിദ്യാർത്ഥി അവരുടെ ക്ലാസിലേക്ക് വന്നു. അവൾ നല്ലസുന്ദരിയായിരുന്നു. ചിന്നു ഇപ്പോൾ പാറുവുമായിട്ടാണ് കൂട്ട്. മിന്നുവിനോട് മിണ്ടാറേ ഇല്ല.

ഒരു ദിവസം ഓടിക്കളിക്കുമ്പോൾ ചിന്നുവിന്റെ കാല് പൊട്ടി. ഇത് കണ്ട പാറു "ആ നിനക്കിനി കളിക്കാൻ പറ്റില്ലല്ലോ" എന്ന് പറഞ്ഞ് വേറെ കുട്ടികളുടെ കൂടെ കളി തുടർന്നു. അതുവഴി വന്ന മിന്നു ചിന്നുവിന്റെ കരച്ചിൽ കേട്ടു. മിന്നു ഓടിച്ചെന്ന് ചിന്നുവിനെ പിടിച്ച് ടീച്ചറുടെ അടുത്ത് കൊണ്ടുപോയി. ടീച്ചർ മരുന്ന് വെച്ചുകൊടുത്തു.

ചിന്നുവിനെ ആകെ സങ്കടം വന്നു. ഇത്ര നാളും മിണ്ടാത്തതിന് അവൾക്ക് കുറ്റബോധം തോന്നി. അവൾ മിന്നുവിനോട് ക്ഷമ ചോദിച്ചു. അങ്ങനെ അവർ വീണ്ടും കൂട്ടുകാരായി.



ഹംദ ഫാത്തിമ കെ എഫ്

3 C

# ലഹരി ആപത്ത്

ലോകത്തെ സംബന്ധിച്ചിടത്തോളം ലഹരിയുടെ അതിപ്രസരം ഇത്ര അപകടകരമായ ഒരു കാലഘട്ടം കടന്നുപോയിട്ടില്ല. ലോകത്തെ പ്രധാനപ്പെട്ട ഒരു ബിസ്സിനെസ്സ് മേഖലയായി ലഹരി വില്പന മാറിക്കഴിഞ്ഞു. ലോക ജനസംഖ്യയിൽ മുന്നിൽ നിൽക്കുന്ന ഇന്ത്യയിൽ ലോക ലഹരി മാഫിയ കണ്ണ് വെക്കും എന്ന കാര്യത്തിൽ നമുക്ക് സംശയം ഇല്ല. വ്യക്തിയെയും, സമൂഹത്തെയും രാഷ്ട്രത്തെയും കാർന്നു തിന്നുന്ന അപകടകരമായ ഈ അവസ്ഥയെ പിടിച്ചു കെട്ടാതെ ഒരടിപോലും സമാധാനത്തോടെ മുന്നോട്ടുപോകാൻ നമുക്ക് സാധ്യമല്ല.കഴിഞ്ഞ വർഷം മാത്രം 90 ടൺ ഹെറോയിൻ ആണ് പിടിച്ചെടുത്തത്. മഹാരാഷ്ട്ര സ്റ്റേറ്റിൽ മാത്രം 50000 കോടിയുടെ മയക്ക മരുന്ന് പിടിച്ചെടുത്തു. രാജ്യത്തെ മനുഷ്യ വിഭവത്തെ ചോർത്തിക്കളയുന്ന, കുടുംബത്തെയും സമൂഹത്തെയും ശിഥിലമാക്കുന്ന ലഹരിയുടെ വരവും ഉപഭോഗവും ശക്തമായി നിരോധിക്കേണ്ട സന്ദർഭം അതിക്രമിച്ചിരിക്കുകയാണ്.



2016-നെ അപേക്ഷിച്ച് 5,924 കേസുകൾ രജിസ്റ്റർ ചെയ്ത 2022-ൽ, മയക്കുമരുന്ന്, മദ്യം, നിരോധിത പുകയില ഉൽപന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ 300 ശതമാനം വർദ്ധനവ് കേരളത്തിൽ രേഖപ്പെടുത്തി. 2016 മുതൽ കുതിച്ചുയരുന്ന കേസുകൾ 2020, 2021, 2022 എന്നീ പാൻഡെമിക് വർഷങ്ങളിൽ കുറഞ്ഞു. എന്നിരുന്നാലും, 2022 ൽ ഗണ്യമായി വർദ്ധിച്ചു.

2016-നും 2022-നും ഇടയിൽ എൻഡിപിഎസിന് കീഴിലുള്ള കേസുകളിൽ അറസ്റ്റിലായവരുടെ എണ്ണം 87.47 ശതമാനം വർധിച്ചതായി എക്സൈസ് ഡാറ്റ കാണിക്കുന്നു – 3,217 ൽ നിന്ന് 6,031 ആയി. ഈ സമയത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 104 ശതമാനം ഉയർന്നു. അതേസമയം, രേഖപ്പെടുത്തിയ റെയ്ഡുകളുടെ എണ്ണം

2016–ൽ 1,39,366–ൽ നിന്ന് 2022–ൽ 1,44,200 ആയി ഉയർന്നു. എൻ.ഡി.പി.എസ് നിയമപ്രകാരം എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളിൽ 2016–നെ അപേക്ഷിച്ച് ക്രമാനുഗതമായ വർദ്ധനവ് കാണിക്കുന്നു, ആറ് വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന എണ്ണം 2019–ലാണ്.


കണക്കുകൾ പ്രകാരം, 7,775.425 ഗ്രാം എംഡിഎംഎ മരുന്ന് 2022 ൽ വകുപ്പ് പിടിച്ചെടുത്തു, ഇത് കഴിഞ്ഞ 6 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന പിടിച്ചെടുക്കലായി മാറി.

സംസ്ഥാനത്ത് കൗമാരക്കാർ ഉപയോഗിക്കുന്ന പ്രധാന മയക്കുമരുന്ന് കഞ്ചാവാണെന്ന് കേരള എക്സൈസ് വകുപ്പിന്റെ പഠനം. സർവേയിൽ പങ്കെടുത്ത 46 ശതമാനം കൗമാരക്കാരും ദിവസവും ഒന്നിലധികം തവണ മയക്കുമരുന്ന് ഉപയോഗിക്കുന്നവരാണെന്ന് പഠനം പറയുന്നു.

ലഹരി എല്ലാ കാലത്തും മനുഷ്യനെ സ്വാധീനിച്ചിട്ടുണ്ട്.വ്യക്തിയുടെയും കുടുംബത്തിന്റെയും സമാധാനവും സ്വസ്ഥതയും നശിപ്പിക്കുന്ന ലഹരി പുതിയ കാലഘട്ടത്തിൽ അപകടകാരമായി മാറിയിരിക്കുകയാണ്. കറുപ്പും കഞ്ചാവും അടിച്ച് ഫിറ്റാകുന്ന അവസ്ഥയിൽ നിന്നും മനുഷ്യനെ ഭ്രാന്തിന്റെ അവസ്ഥയിലാക്കുന്ന എൽ എസ് ഡി യും ഹെറോയിനും വിപണി പിടിച്ചടക്കിയിരിക്കുന്നു. ജനക്ഷേമമാണ് സർക്കാരിന്റെ ഉത്തരവാദിത്തം. പക്ഷെ ലഹരി ആരോഗ്യത്തിന് ഹാനികരം, പുകവലി ആരോഗ്യത്തിന് ഹാനികരം എന്ന് എഴുതിവച്ച് ലഹരി ഇവിടെ വ്യാപകമായി വിൽക്കപ്പെടുന്നു. ലഹരിയുടെ ടാക്സിൽ നിന്നും ലഭിക്കുന്ന പണമാണ് ഗവണ്മെന്റിന്റെ പ്രധാന വരുമാനമാർഗം. ഇതിൽ മാറ്റം വരേണ്ടതുണ്ട്.

ഇന്ന് സിനിമയിലും, സീരിയലിലും മദ്യപാന രംഗങ്ങളും, ലഹരി ഉപയോഗ സീനുകളും വ്യാപകമാണ്. ഇതിനു നിയന്ത്രണം വേണം. നമ്മുടെ സർക്കാരിന്റെ പോലീസ്, എക്സൈസ് സംവിധാനങ്ങൾ നോക്കുകുത്തിയാകുന്നു. ലഹരി മാഫിയയുടെ ഉയർന്ന രാഷ്ട്രീയ ബന്ധങ്ങളും മാഫിയ സ്വാധീനങ്ങളും കാരണമായി പലരും പരാതികൾ റിപ്പോർട്ട് ചെയ്യുന്നില്ല.

അതുകൊണ്ട് ജനക്ഷേമം ലക്ഷ്യമാക്കി നിർഭയമായ, സത്യസന്ധമായ അന്വേഷണവും നടപടികളും ഉണ്ടാകേണ്ടതുണ്ട്. എങ്കിൽ മാത്രമേ നിയമ നിർമാണം കൊണ്ട് ഗുണം കിട്ടൂ.



സഫ്‌വാൻ എം എം

അധ്യാപകൻ

# തിരിച്ചറിവ്

ഒരു കൊച്ചു ഗ്രാമം, അവിടെ കുന്നിൻ മുകളിലായി ഭംഗിയുള്ള ഒരു കൊച്ചു വീട്. അവിടെ മുത്തശ്ശനും മുത്തശ്ശിയും മനുവും മീരയും എന്ന രണ്ട് കുസൃതി കുട്ടികളുമുണ്ടായിരുന്നു പ്രകൃതിയാൽ ചുറ്റപ്പെട്ട അവരുടെ വീട്ടിൽ അവർ സന്തോഷമായി ജീവിക്കുകയാണ്. അവർക്കെല്ലാവർക്കും പ്രകൃതിയെയും,എല്ലാ ജീവജാലങ്ങളെയും വളരെ ഇഷ്ടമാണ്.

അങ്ങനെയിരിക്കെ ഒരു ദിവസം മുത്തശ്ശൻ കുന്നിൻ ചെരുവിലെ ആപ്പിൾ തോട്ടത്തിൽ നിന്ന് ആപ്പിൾ പറിക്കാൻ രണ്ടു കുട്ടികളോടും ആവശ്യപ്പെട്ടു. കേൾക്കേണ്ട താമസം, വേഗം തന്നെ അവർ തോട്ടത്തിലേക്ക് നടന്നു. അങ്ങനെ അവർ ആപ്പിൾ പറിക്കുന്നതിനിടയിൽ നല്ല ഭംഗിയുള്ള തത്ത ആപ്പിൾ കൊത്തി തിന്നുന്നത് കണ്ടു. ഇത് കണ്ടപ്പോൾ അവർക്കൊരു മോഹം, വേഗം തന്നെ മുത്തശ്ശനെ വിളിച്ചു കൊണ്ടുവന്നു. പക്ഷിയെ വീട്ടിൽ കൊണ്ടുപോയാലോ രണ്ടുപേരും ചോദിച്ചു. മുത്തശ്ശൻ പറഞ്ഞു : വേണ്ട മക്കളെ, അതുങ്ങൾക്ക് ഒരു കുടുംബമുണ്ടാവും നമ്മൾ വീട്ടിൽ കൊണ്ടുപോയാൽ അതിൻറെ കുടുംബം ഒറ്റക്കാവില്ലെ, എന്നാൽ ഇത് കേൾക്കാതെ അവർ വാശിപിടിച്ചു. നിവർത്തികേടുകൊണ്ട് മുത്തശ്ശൻ അതിനെ വീട്ടിലേക്ക് കൊണ്ടുപോവുകയും ഒരു കൂട്ടിലിടുകയും ചെയ്തു.



ഒരുപാട് ദിവസം അതിന് പാലും പഴവുമെല്ലാം കൊടുത്തു എന്നാൽ, അത് തിന്നില്ല. മനുവിനും മീരയ്ക്കും ഈ കാഴ്ച സഹിക്കാൻ കഴിഞ്ഞില്ല. അല്പദിവസം കഴിഞ്ഞപ്പോൾ തത്തയ്ക്ക് വിശപ്പ് സഹിക്കാൻ കഴിയാതെ ഒടുവിൽ തത്ത ആഹാരം കഴിക്കാൻ തുടങ്ങി. ഇത് കണ്ട് മനുവിനും മീരയ്ക്കും വളരെ സന്തോഷമായി.

അങ്ങനെയിരിക്കെ അവർക്ക് പട്ടണത്തിലേക്ക് താമസം മാറ്റേണ്ടി വന്നു. തത്തയെയും അവർ ഒപ്പം കൊണ്ടുപോയി. എന്നാൽ ഇത്രനാളെത്തിയിട്ടും തത്ത സന്തോഷവാനായിരുന്നില്ല. പക്ഷേ മനുവും മീരയും തത്തയെ നന്നായി നോക്കിയിരുന്നു.

കുറച്ചു മാസങ്ങൾക്ക് ശേഷം പട്ടണത്തിൽ അപകടകരമായ രോഗം ബാധിച്ചു. അവിടെയുള്ള ആളുകൾ മാസ്ക് ധരിച്ചാണ് പുറത്തിറങ്ങുന്നത്. സ്കൂളുകളും, കടകളും,

പാർക്കുകളും, എല്ലാം അടച്ചു. പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥ. മനുവും മീരയും പുറത്തിറങ്ങി കൂട്ടുകാരോടൊത്ത് കളിക്കാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ വീടിന് പുറത്തിറങ്ങാൻ പോലും കഴിയുന്നില്ല. മനുവിനും മീരയ്ക്കും വീട്ടിലിരുന്ന് മതിയായി, രണ്ടുപേരും വിഷമിച്ചിരിക്കുമ്പോഴാണ് ആ വഴി മുത്തശ്ശൻ വന്നത് " എന്താ മക്കളെ വിഷമിച്ചിരിക്കുന്നത് "മുത്തശ്ശൻ ചോദിച്ചു. " മുത്തശ്ശാ ഞങ്ങൾക്ക് വീട്ടിലിരുന്ന് മതിയായി " കുട്ടികൾ പറഞ്ഞു. മുത്തശ്ശൻ മറുപടി പറഞ്ഞു: നിങ്ങൾക്ക് വീട്ടിലിരുന്ന് മതിയായില്ലേ അതുപോലെ ആ തത്തയ്ക്കും കൂട്ടിലിരുന്ന് മതിയായിട്ടുണ്ടാവില്ല. നിങ്ങൾക്ക് ലോക്ക് ഡൗൺ ആയതു കൊണ്ട് വീട്ടിലിരിക്കുമ്പോൾ കൂട്ടിലടച്ചപോലെ തോന്നുന്നില്ലേ... അതുപോലെ ആ തത്തയുടെ കാര്യം ഒന്ന് ഓർത്തു നോക്കൂ...



ഇതു കേട്ടപ്പോൾ മനുവിനും മീരക്കും കാര്യം മനസ്സിലായി. അവർ തന്നുടെ തെറ്റുകൾ മനസ്സിലാക്കി. അവർക്ക് രണ്ടുപേർക്കും വിഷമമായി. മുത്തശ്ശനോട് അവരിരുവരും പറഞ്ഞു: "മുത്തശ്ശാ... ഞങ്ങൾക്ക് ഞങ്ങളുടെ തെറ്റുകൾ മനസ്സിലായി ഇനി ഞങ്ങൾ ഇങ്ങനെ ചെയ്യുകയില്ല, നമ്മുടെ തത്തയെ തുറന്നു വിട്ടേക്കാം" ശരി മക്കളേ ...



നിങ്ങൾക്ക് കാര്യം മനസ്സിലായല്ലോ അതു മതി' മുത്തശ്ശൻ കുട്ടികളോടു പറഞ്ഞു.

അങ്ങനെ അവർ തത്തയുടെ കൂട് തുറന്നു. തത്തയെ പുറത്തേക്ക് പറത്തിവിട്ടു. ആ തത്ത അവരുടെ കണ്ണെത്താ ദൂരത്തേക്ക് പോകുന്നതിന് മുമ്പ് മനുവും മീരയും ഒരു കാര്യം ശ്രദ്ധിച്ചു. ഇതുവരെ യില്ലാത്ത സന്തോഷം ആ തത്തയുടെ മുഖത്ത് അവർ കണ്ടു. ഇത് അവർക്കെല്ലാവർക്കും സന്തോഷമായി. അവരിരുവരുടെയും മനസ്സ് പുതിയ പാഠമായി മാറി...



ഹാദിയബീവി

7 B

# വാക്കുകളൊക്കെയും ചിന്തകളാകുമ്പോൾ

ഞാൻ ഇങ്ങനെ ഒരു പുസ്തകം എഴുതാനുള്ള കാരണം ചിലപ്പോൾ ആ വാക്കുകൾ ആയിരിക്കും ചിലപ്പോൾ അല്ല ഉറപ്പായും അത് തന്നെ കാരണം. പത്തിരുപത്തിയെട്ട് വയസ്സായിട്ടും പണിക്കൊന്നും പോകാതെ വീട്ടുകാരുടെയും കൂട്ടുകാരന്മാരുടെയും ചിലവിൽ ജീവിച്ചാൽ ഇങ്ങനെയെല്ലാം കേൾക്കും എന്ന് എനിക്കറിയാമായിരുന്നു. പക്ഷേ അതുകൊണ്ട് എന്റെ ജീവിതം തന്നെ മാറിമറിയും എന്ന് ഞാൻ സ്വപ്നത്തിൽ പോലും വിചാരിച്ചില്ല. ആ വാക്കുക്കൾ എന്താണെന്ന് ഞാൻ പറയാം.



എന്റെ വീട്ടിൽ ഞാനും അമ്മയും അച്ഛനും ഒരു സഹോദരിയും ആണ് ഉള്ളത്. ഒരു സാധാരണ കുടുംബം. ഇരുപത്തിയെട്ട് വയസ്സായിട്ടും പ്ലസ്ടു കഴിഞ്ഞ് പഠിക്കാനോ ജോലിക്കോ പോകാതെ വെറുതെ സമയം ചിലവഴിക്കുന്ന എന്നോട് എന്റെ വീട്ടുകാർ ഏറ്റവും അധികം ഉപദേശിക്കുന്നത് എന്താണെന്ന് നിങ്ങൾക്ക് ഊഹിക്കാമല്ലോ.എന്റെ ജീവിതം മാറ്റിമറിച്ച ആ വാക്കുകൾ എന്റെ അച്ഛനിൽ നിന്നും കേട്ട ആ നിമിഷം ഞൻ ആഴമേറിയ ചിന്തയിലാണ്ടു.....

അന്ന് ഒരു ഞായറാഴ്ച ആയിരുന്നു.പതിവുപോലെ ഞാൻ പത്തുമണി കഴിഞ്ഞാണ് ഉണർന്നത്. അടുക്കളയിൽ പോയി അമ്മ ഉണ്ടാക്കിയ ദോശയും സാമ്പാറും കഴിച്ച ശേഷം മുഷിഞ്ഞ ഒരു കള്ളി ഷർട്ടും ധരിച്ച് ഞൻ കവലയിലേക്ക് പോയി.അവിടെ പതിവ് പോലെ എൻ്റെ കൂട്ടുകാർ നിൽക്കുന്നുണ്ടായിരുന്നു.അവർ എന്നോട് ടൂർ പോകാം എന്ന് പറഞ്ഞു. ഞൻ സമ്മതിച്ചു കാരണം ഇടക്കൊക്കെ ഞങ്ങൾ ഇത്പോലെ പോകാറുള്ളതാണ്.പക്ഷേ പതിവിൽ നിന്നും വ്യത്യാസം ആയി അവർ എന്നോട് ടൂർ പോകാൻ ആവശ്യമായ പണം ആവശ്യപെട്ടു എപ്പോളും ടൂർ പോകുമ്പോൾ എൻ്റെ ചിലവും അവർ തന്നെ ആണ് എടുക്കാറുള്ളത്.ഇത്തവണ എന്നോട് ചോദിച്ചു എപ്പോഴും അവർ പണം എടുക്കുന്നത് കൊണ്ട് കയ്യിൽ പണം ഇല്ലാതിരുന്നിട്ടും ഞാൻ സമ്മതിച്ചു.ഒടുവിൽ ഞാൻ മോഷ്ടിച്ചു .എൻ്റെ വീട്ടിൽ നിന്നും ഏതാണ്ട് ഒരു പവനോളം വരുന്ന അമ്മയുടെ വള. അങ്ങനെ മോഷണത്തിനിടയിൽ ഞാൻ പിടിക്കപ്പെട്ടു.ഞാൻ പ്രതീക്ഷിച്ച പോലെ അച്ഛൻ എന്നെ അടിച്ചില്ല ഒന്ന് പറഞ്ഞു:" ഞങ്ങളോടിത് വേണ്ടായിരുന്നു മോനെ"
കൂടെ അമ്മയുടെ കരച്ചിലും എല്ലാം കൊണ്ടും ഞാൻ അസ്വസ്ഥനായി. സംഭവമെല്ലാം രാത്രി ആയിരുന്നു . അവർ എന്നോട് പോയി കിടക്കാൻ പറഞ്ഞു കൊണ്ട് അവർ അവരുടെ റൂമിലേക്ക് പോയി. കുറച്ചു കഴിഞ്ഞ് അമ്മ ഉറങ്ങിയതിന് ശേഷം അച്ഛൻ എൻ്റെ റൂമിലേക്ക്

വന്നു.ഒരുപാട് പറഞ്ഞു ഇന്ന് നടന്നതെല്ലാം നീ മറക്കുക എന്നൊക്കെ. അന്ന് എൻ്റെ ജീവിതത്തിൽ ആദ്യമായി ഞാൻ കണ്ടു എൻ്റെ അച്ഛൻ കരയുന്നത് ഞാൻ കാരണമാണ് അച്ഛൻ കരയുന്നത് എന്നറിഞ്ഞപ്പോൾ എനിക്ക് ഒരുപാട് വിഷമമായി.അച്ഛൻ കുറച്ച് നേരം മിണ്ടാതെ ഇരുന്നു എന്നിട്ട് എൻ്റെ നെറ്റിയിൽ ചുംബിച്ചിട്ടു അച്ഛൻ എന്നോട് പറഞ്ഞ ആ വാക്കുകൾ എന്നെ അഗാധമായ ചിന്തയിലാഴ്ത്തി....

പിറ്റേന്ന് ഞാൻ പുതിയ തീരുമാനങ്ങൾ ഇടുത്തു ടൂർ പോകണ്ട എന്ന് തീരുമാനിച്ചു.അച്ഛൻ്റെയും അമ്മയുടെയും അനുഗ്രഹം വാങ്ങി ഇറങ്ങി. ഇറങ്ങുന്നതിന് മുൻപ് അമ്മ തൻ്റെ കയ്യിൽ നിന്നും ഒരു വള തന്നു അച്ഛൻ കുറച്ചധികം പണവും. ആ പണം കൊണ്ട് ഞാൻ ലാബ് അസിസ്റ്റൻ്റ് ആവാനുള്ള കോഴ്സ് എടുത്ത് പഠിച്ചു . നല്ല ജോലി കരസ്ഥമാക്കി. രണ്ടുമൂന്നു മാസത്തെ ശമ്പളം കൊണ്ട് അച്ഛനും അനിയത്തിക്കും വസ്ത്രവും വാച്ചും അമ്മയ്ക്ക് വളയും വസ്ത്രങ്ങളും വാങ്ങികൊടുത്തു. അന്ന് അവരുടെ മുഖത്ത് കണ്ട സന്തോഷം ഇന്നും എൻ്റെ മനസ്സിൽ ഉണ്ട്.ഞാൻ ഒരിക്കലും നടക്കില്ല എന്ന് വിചാരിച്ച കാര്യം ഒരു രാത്രി കൊണ്ട് തന്നെ എല്ലാം മാറി മറിഞ്ഞു.എൻ്റെ അച്ഛൻ്റെ ആ വാക്കുകൾ എന്നെ ചിന്തിപ്പിച്ചു.

ആ ചിന്തയെ തുടർന്ന് പഠിക്കുകയും ജോലി നേടുകയും ഇതാ ഒരു പുസ്തകം രചിക്കുകയും ചെയ്യുന്നു.ഇതുവരെയും എന്നെ ആഴമേറിയ ചിന്തകളിലെത്തിച്ച ആ വാക്കുകൾ എന്താണെന്ന് ഞാൻ പറഞ്ഞില്ല അല്ലേ....പറയാം..... നെറ്റിയിൽ ചുംബിച്ചു കൊണ്ട് അച്ഛൻ എന്നോട് പറഞ്ഞു

"കുട്ടി വിജയത്തിൽ നിന്നും നിനക്ക് ഒരു പാഠവും പഠിക്കാൻ പറ്റുകയില്ല പരാജയത്തിൽ നിന്നും മാത്രമേ പാഠങ്ങൾ പഠിക്കുകയുള്ളൂ..."

ഒന്ന് ഇരുന്നു ചിന്തിച്ചപ്പോൾ മനസ്സിലായത് അച്ഛൻ എന്നോട് പരിശ്രമിക്കണം എന്നാണ് പറയുന്നത് അങ്ങനെ തോൽവിയിൽ നിന്നും വിജയത്തിലേക്ക്....അച്ഛൻ ഒരു നിമിഷം കൊണ്ട് പഠിപ്പിച്ച ആ പാഠം എൻ്റെ ജീവിതം തന്നെ മാറ്റി മറിച്ചു. മാതാപിതാക്കളോളം വരില്ല മറ്റൊന്നും ഈ ഭൂമിയിൽ.

ഈ പുസ്തകം ഞാൻ എൻ്റെ മാതാപിതാക്കൾക്കും ഈ ഭൂമിയിലെ എല്ലാ മാതാപിതാക്കളും വേണ്ടി സമർപ്പിക്കുന്നു.



ഫർസാന

9C

# മഴ






ദേവശ്രീ

Std 1 B

# ബാലലീല

പ്രശസ്ത കവയത്രി ബാലാമണിയമ്മ രചിച്ച കവിതയാണ് ബാലലീല. കുട്ടികളുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നതിനെ കുറിച്ചാണ് ഈ കവിതയിൽ പറയുന്നത്.അതുപോലെ പണ്ടുകാലങ്ങളിൽ കുട്ടികൾ കളിച്ചിരുന്ന പമ്പരവും അവർക്ക് ആവശ്യമില്ലാതെയായി.




ഈ കവിതയിൽ വൃദ്ധന്മാർ കുട്ടികളുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുകയാണ്കുട്ടികളെ മഴവെള്ളത്തിലും ചെളിവെള്ളത്തിലും കളിക്കാൻ അനുവദിക്കുന്നില്ല.കുട്ടികൾ അവർ പറയുന്നത് കേൾക്കാതെ കളിക്കാൻ പോകുന്നു.തങ്ങൾക്ക് കളിക്കാൻ അല്ലെങ്കിൽ പിന്നെ ചെളി എന്തിനുണ്ടായിരുന്നതാണ് കുട്ടികൾ ചോദിക്കുന്നത്.പൂക്കളെപിഴുതെറിഞ്ഞ് പരസ്പരം എറിയുന്നതും അണിയുന്നതും മരത്തിൽ കയറുന്നതും എല്ലാം പ്രകൃതിയെ അറിയാനുള്ള കുട്ടികളുടെ സ്വാതന്ത്ര്യത്തെ സൂചിപ്പിക്കുന്നു.കൈപ്പും ചവപ്പും പുളിയും ചേർന്ന് ഇലഞ്ഞിക്കായ കൂട്ടുകാരുമായി ചേർന്ന് തിന്നുമ്പോൾ മധുരമുള്ള മാമ്പഴമായി തീരുന്നു.ഇത് സ്വാതന്ത്ര്യത്തിന്റെ മാധുര്യം കൂടിയാണ്.എന്ന തലക്കെട്ടിൽ കുട്ടികളുടെ കളിക്കാനുള്ള അവകാശത്തെ സൂചിപ്പിക്കുന്നു.കുട്ടികളുടെ സ്വാതന്ത്ര്യബോധം നമുക്ക് ഈ കവിതയിൽ കാണാം.കുട്ടികൾ സ്വാതന്ത്ര്യത്തിന്റെ മാധുര്യം അറിയുന്നതു മുതിർന്നവരുടെ വിലക്കുകൾ മറികടന്ന് വരുമ്പോഴാണ്.മഴ വെള്ളത്തിൽ കളിച്ചും,ചെളിയിലുരുണ്ടും,കളിവഞ്ചി ഒഴുക്കിയും,മരത്തിൽ വലിഞ്ഞു കയറിയും അവർ ഈ മാധുര്യം ആസ്വദിക്കേണ്ടത് എന്ന് ബാലാമണിയമ്മ പറയുന്നു.എനിക്ക് ഈ കവിതയിൽ ഏറ്റവും ഇഷ്ടപ്പെട്ട വരി ഇതാണ് " ഇമ്മഴ വെള്ളത്തിൽപ്പൂക്കളാൽ നിർമ്മിച്ച നമ്മൾ തൻ വഞ്ചികൾ ചാഞ്ചാടട്ടെ" വായിച്ചതിൽ വെച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കവിതയാണ് ബാലാമണിയമ്മ രചിച്ച ബാലലീല എന്ന പ്രശസ്ത കവിത.



സമീഹ് ഇബ്രാഹിം എം എസ്

6 C

# യാത്രയുടെ പാഥേയം

**യാ**ത്ര അനുഭവമാണ്, അനുഭൂതിയാണ്. ഒരിടത്തുനിന്ന് മറ്റൊരിടത്തേക്കുള്ള പ്രയാണം. ആ പ്രയാണത്തിൽ കൺകുളിർമ തേടിയും ആനന്ദം തേടിയുമുള്ള പ്രയാണ കാഴ്ചകൾ. വിനോദത്തിനു ള്ള യാത്ര, ജീവിത വിഭവങ്ങൾ തേടിയുള്ള യാത്ര,




എല്ലാത്തിൽ നിന്നകന്നുള്ള യാത്ര. പുതിയ അറിവുകൾ നേടാനുള്ള യാത്ര.. അത് ദൂരെ മഞ്ഞു പുതഞ്ഞു കിടക്കുന്ന കാശ്മീർ താഴ് വരകൾക്കപ്പുറം, മരുപ്പച്ച തേടുന്ന മരുഭൂമികൾക്കപ്പുറം ചന്ദ്രന്റെ ഉപരിതലം വരെയുള്ള മനസ്സിന്റെ പ്രയാണം. ഇതൊക്കെ സാക്ഷാത്കരിക്കാൻ അറിവ് നേടണം. അറിവാണ് ആ യാത്രയുടെ പാഥേയം. ഒരു സ്ഥലത്ത് നിന്ന് പിരിഞ്ഞു പോകുമ്പോൾ മനസ്സിന് വല്ലാത്തൊരു വിഷമം. താൻ ഇനിയും അവിടെ തന്നെ വരുമെന്ന് പറഞ്ഞു മടങ്ങുന്ന യാത്ര.



അഹമ്മദ് സാക്കിറു റഹ്മാൻ

9 D







കൃഷ്ണേന്ദു സതീഷ് 5 B





ആലിയ റനാസ് 3 A





അൻവിത് എം അനിൽ
3 B





ദിൽന ഫാത്തിമ എം എസ്
1 A




ആദിൽ പി എ 9 B

ആർജവ് അജേഷ് 7 B













ഹന്ന ഫാത്തിമ 6 c



മിഥുന എം പി 3 B






മുഹമ്മദ് ഇഹ്സാൻ 3 B






നുസ്റത്ത് നാസർ 5 A






മുഹമ്മദ് റയ്യാൻ പി എം 3 B



ഹാദിയ എ എസ് 4 B







ഫൈഹ സൈനബ് 6 C






ഫാത്തിമ നസ്റിൻ 3 A



അനുപമ കൃഷ്ണൻ 6 C







സിദ്ധാർത്ഥ് എം ബി 3 B



അമാന പർവീൺ 3 A








ആലിയ പർവീൺ പി എസ് 5 B





തസ്ബിയ പി എ 2 B



മുഹമ്മദ് മഹ്ഫൂസ് 3B







ആരാധ്യ 3 A







ഫർസീന 9 C



അയ്മൻ സി എസ് 8 D





വി കെ നിസാർ

മുൻ വൈസ് പ്രിൻസിപ്പൽ



# മാഗസിൻ ടീം

റുമൈസ
ഫർസാന
ഫാത്തിമ ഫർസീന
ഹഫ്സ. ടി എൻ
ഇഫ്ഫത്ത്
ഐഷ മെഹ്റൂഫ്
അഫീഫ സഹ്റ
ലിയാന ഫാത്തിമ
ഫായിദ കെ എസ്
ഉനൈസ
ഫാത്തിമത്ത് സുഹ്റ
ശിഫ ഫാത്തിമ
ഹയ ഫാത്തിമ

ശിവ കുമാർ
കാർത്തിക്
ദേവ ജിതേഷ്
നബ് ഹാൻ
സാക്കിറു റഹ്മാൻ
ശരത് ചന്ദ്ര
ഹംദാൻ അമാൻ
അമിത് കൃഷ്ണ
സ്വാലിഹ്
അബാൻ
സൂരജ്
ആദിൽ
ആകാശ് ആർ
സാം ജെയിൻ
ഇഹ്സാൻ അലി

കൈറ്റ് മാസ്റ്റർ : പ്രമോദ് എൻ ആർ

കൈറ്റ് മിസ്ട്രസ്സ് : സനിയ്യ എം ഐ

# നന്ദി